# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉപ്പുതറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ-9/833/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 30/09/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉപ്പുതറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ-9/833/2021 തീയ്യതി: 30/09/2021

ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-07-2020 മുതൽ 01-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 02-09-2021 | 09-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 02-09-2021 | 09-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ടി. എസ്. ധനജയൻ ഓഡിറ്റ് ഓഫീസർ
ശ്രീ. എം. എസ്. രാജീവ് ഓഡിറ്റ് ഓഫീസർ
ശ്രീ. മെജോ കെ. ജോർജ്ജ് സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ. ബെന്നി മാത്യു സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജോമോൻ ഫ്രാൻസിസ് സീനി.ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ സത്യൻ | പ്രസിഡന്റ് | 01-04-2020 | 14-11-2020 |
| ഭരണ നിർവ്വഹണ കമ്മറ്റി | പ്രസിഡന്റ് | 15-11-2020 | 29-12-2020 |
| ശ്രീ ജെയിംസ് കെ ജേക്കബ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ ശ്രീധരൻ എ | സെക്രട്ടറി | 01-04-2020 | 17-07-2020 |
| ശ്രീ കെസ്സി എം ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-07-2020 | 20-07-2020 |
| ശ്രീ സാജുകുമാർ വി എസ് | സെക്രട്ടറി | 21-07-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അശ്വതി ടി വാസു | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി പൊന്നമ്മ എ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീ കെസ്സി എം ടി | അസിസ്റ്റന്റ് സെക്രട്ടറി | 16-06-2020 | 31-03-2021 |
| ഡോ പ്രഭാവതി പി ജി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ അശ്വതി | മെഡിക്കൽ ഓഫീസർ (ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീ രാജേഷ് ഡി നായർ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 28-05-2020 |
| ശ്രീ സുഗതൻ പി ആർ | അസിസ്റ്റന്റ് എൻജിനീയർ | 29-05-2020 | 31-12-2020 |
| | | 01-01-2021 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ ജോസഫ് തോമസ് | അസിസ്റ്റന്റ് എൻജിനീയർ | | |
| ശ്രീ ജയസൂര്യൻ എം | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി സ്നേഹാ സേവ്യർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ. കെ. ഇ. സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.S.Rajeev (Audit Officer, On 09-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 28-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Majo K George (Senior Grade Auditor, On 02-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 28-09-2021) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Majo K George (Senior Grade Auditor, On 08-09-2021)<br>Last Updated By: E.V.Gibi (Asst. Audit Officer, On 30-09-2021) | 1-3 |
| 4 | പ്രത്യേക ഘടകപദ്ധതി വികസന ഫണ്ട് ചെലവ് 70 ശതമാനം മാത്രം<br>Written By: Majo K George (Senior Grade Auditor, On 09-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 28-09-2021) | 1-3-1 |
| 5 | റോഡിതര സംരക്ഷണ ഗ്രാന്റ് ചെലവ് 66 ശതമാനം മാത്രം<br>Written By: Majo K George (Senior Grade Auditor, On 09-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 28-09-2021) | 1-3-2 |
| 6 | എസ്.ടി കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ നടപ്പാക്കിയില്ല<br>Written By: Majo K George (Senior Grade Auditor, On 09-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 27-09-2021) | 1-3-3 |
| 7 | വികസനഫണ്ടിന്റെ അപര്യാപ്തത അധികാരവികേന്ദ്രീകരണത്തെ പ്രതികൂലമായി ബാധിക്കുന്നു.<br>Written By: Majo K George (Senior Grade Auditor, On 09-09-2021)<br>Last Updated By: E.V.Gibi (Asst. Audit Officer, On 30-09-2021) | 1-3-4 |
| 8 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ<br>Written By: Majo K George (Senior Grade Auditor, On 10-09-2021)<br>Last Updated By: E.V.Gibi (Asst. Audit Officer, On 30-09-2021) | 1-3-5 |
| 9 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാതെ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.<br>Written By: Majo K George (Senior Grade Auditor, On 24-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 28-09-2021) | 1-3-6 |
| 10 | പദ്ധതി അവലോകനം<br>Written By: Benny Mathew (Auditor, On 06-09-2021)<br>Last Updated By: E.V.Gibi (Asst. Audit Officer, On 30-09-2021) | 1-4 |
| 11 | തൊഴിലുറപ്പ് പദ്ധതി<br>Written By: M.S.Rajeev (Audit Officer, On 09-09-2021)<br>Last Updated By: E.V.Gibi (Asst. Audit Officer, On 30-09-2021) | 1-5 |
| 12 | ക്ഷേമ പദ്ധതികൾ<br>Written By: M.S.Rajeev (Audit Officer, On 09-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 28-09-2021) | 1-6 |
| 13 | ക്യാഷ് പരിശോധന<br>Written By: T.S.Dhanajayan (Audit Officer, On 09-09-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 28-09-2021) | 1-7 |
| 14 | ആഭ്യന്തരനിയന്ത്രണം<br>Written By: T.S.Dhanajayan (Audit Officer, On 08-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 27-09-2021) | 1-8 |
| 15 | വിവിധ വരവുകളുടെ വാർഷിക കണക്കുകളിലെ തുകകളും രജിസ്റ്ററുകളിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Majo K George (Senior Grade Auditor, On 09-09-2021)<br>Last Updated By: E.V.Gibi (Asst. Audit Officer, On 30-09-2021) | 1-9 |
| 16 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല<br>Written By: Majo K George (Senior Grade Auditor, On 09-09-2021)<br>Last Updated By: E.V.Gibi (Asst. Audit Officer, On 30-09-2021) | 1-10 |
| 17 | സാംഖ്യയിൽ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി ചെയ്യുന്നില്ല<br>Written By: Majo K George (Senior Grade Auditor, On 09-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 27-09-2021) | 1-11 |
| 18 | അസി എഞ്ചിനിയർ ടെണ്ടർ ഫാറവില ഗ്രാമപഞ്ചായത്തിൽ ഒടുക്കിയില്ല<br>Written By: Jomon Francis (Senior Grade Auditor, On 08-09-2021)<br>Last Updated By: E.V.Gibi (Asst. Audit Officer, On 30-09-2021) | 1-12 |
| 19 | വാടക കുടിശിക ഈടാക്കിയിട്ടില്ല<br>Written By: Jomon Francis (Senior Grade Auditor, On 08-09-2021)<br>Last Updated By: E.V.Gibi (Asst. Audit Officer, On 30-09-2021) | 1-13 |
| 20 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല<br>Written By: Jomon Francis (Senior Grade Auditor, On 08-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 29-09-2021) | 1-14 |
| 21 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - അവലോകനം<br>Written By: M.S.Rajeev (Audit Officer, On 10-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 29-09-2021) | 1-15 |
| 22 | കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേയ്ക്ക് ക്രമീകരിച്ചിട്ടില്ല<br>Written By: Majo K George (Senior Grade Auditor, On 09-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 29-09-2021) | 1-16 |
| 23 | സാക്ഷരതാ പ്രേരക്മാർക്ക് ഹോണറേറിയം-മുൻകൂർ ക്രമീകരിച്ചിട്ടില്ല<br>Written By: Majo K George (Senior Grade Auditor, On 09-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 27-09-2021) | 1-17 |
| 24 | ടാറിംഗ് പ്രവൃത്തികൾ- കാലിവീപ്പ വില ഈടാക്കിയില്ല<br>Written By: T.S.Dhanajayan (Audit Officer, On 15-09-2021)<br>Last Updated By: E.V.Gibi (Asst. Audit Officer, On 30-09-2021) | 1-18 |

| | | |
|---|---|---|
| 25 | വീട് മെയിന്റനൻസ് - പണി പൂർത്തീകരിച്ചില്ല<br>Written By: Benny Mathew (Auditor, On 08-09-2021)<br>Last Updated By: E.V.Gibi (Asst. Audit Officer, On 30-09-2021) | 1-19 |
| 26 | പദ്ധതികളുടെ ബിൽതയ്യാറാക്കുമ്പോൾ ക്ഷേമനിധിവിഹിതം,ആദായനികുതി എന്നീ ഇനങ്ങളിൽ അധിക തുക കുറവ് ചെയ്ത് ഒടുക്കുന്നു..<br>Written By: T.S.Dhanajayan (Audit Officer, On 09-09-2021)<br>Last Updated By: E.V.Gibi (Asst. Audit Officer, On 30-09-2021) | 1-20 |
| 27 | തുമ്പൂർമൂഴി മോഡൽ മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: T.S.Dhanajayan (Audit Officer, On 09-09-2021)<br>Last Updated By: C R Beenakumary (Deputy Director, On 30-09-2021) | 1-21 |
| 28 | പുതുക്കട സ്കൂൾ റൂഫിംഗ് അളവ് ബുക്ക് പ്രകാരമുള്ള ഇനത്തിൽ മാറ്റം<br>Written By: T.S.Dhanajayan (Audit Officer, On 09-09-2021)<br>Last Updated By: E.V.Gibi (Asst. Audit Officer, On 30-09-2021) | 1-22 |
| 29 | ജി എസ്.ടി കോമ്പൻസേഷൻ അനുവദിച്ചിരിക്കുന്നു. എന്നാൽ ഈടാക്കി ഒടുക്കിയിട്ടില്ല.<br>Written By: T.S.Dhanajayan (Audit Officer, On 15-09-2021)<br>Last Updated By: E.V.Gibi (Asst. Audit Officer, On 30-09-2021) | 1-23 |
| 30 | ലൈഫ് ഭവന പദ്ധതി- അടിസ്ഥാന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Benny Mathew (Auditor, On 16-09-2021)<br>Last Updated By: E.V.Gibi (Asst. Audit Officer, On 30-09-2021) | 1-24 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | തുമ്പൂർമൂഴി മോഡൽ മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: T.S.Dhanajayan (Audit Officer, On 10-09-2021)<br>Last Updated By: E.V.Gibi (Asst. Audit Officer, On 30-09-2021) | 3-1 |
| 2 | ടാറിംഗ് പ്രവൃത്തികൾ- കാലി വീപ്പ വില ഈടാക്കിയില്ല<br>Written By: T.S.Dhanajayan (Audit Officer, On 27-09-2021)<br>Last Updated By: E.V.Gibi (Asst. Audit Officer, On 30-09-2021) | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Majo K George (Senior Grade Auditor, On 02-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 27-09-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Benny Mathew (Auditor, On 06-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 27-09-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Benny Mathew (Auditor, On 02-09-2021)<br>Last Updated By: E.V.Gibi (Asst. Audit Officer, On 30-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Benny Mathew (Auditor, On 02-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 27-09-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: T.S.Dhanajayan (Audit Officer, On 09-09-2021)<br>Last Updated By: E.V.Gibi (Asst. Audit Officer, On 30-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Benny Mathew (Auditor, On 02-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 27-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Majo K George (Senior Grade Auditor, On 08-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 27-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Benny Mathew (Auditor, On 02-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 27-09-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Jomon Francis (Senior Grade Auditor, On 09-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 27-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Benny Mathew (Auditor, On 02-09-2021)<br>Last Updated By: C R Beenakumary (Deputy Director, On 30-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Benny Mathew (Auditor, On 02-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 27-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി 07.01.2020-ലെ രണ്ടാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് സമർപ്പിച്ച തൻവർഷത്തെ ₹48,67,055/- മുന്നിരിപ്പും ₹38,28,54,000/- വരവും ₹38,10,00,000/- ചെലവും ₹67,21,055/- മിച്ചവും വരുന്ന ബജറ്റ് 23.03.2020-ലെ 1-1 നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.

ഇതേ ബജറ്റ് പിന്നീട് 15-02-2021-ൽ ഒന്നാം നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിഷ്കരിക്കുകയും ₹17,20,69,800/- മുന്നിരിപ്പും ₹34,61,64,178/- വരവും ₹51,12,33,978/- ചെലവും ₹70,00,000/- മിച്ചവും വരുന്ന പരിഷ്കരിച്ച ബജറ്റിന് 12-02-2021-ലെ 5-1 നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നല്കുകയും ചെയ്തിട്ടുണ്ട്.

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചിരുന്നുവെന്നും ഉറപ്പാക്കി അവ പരിഗണിച്ചും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടി ക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടുമായിരിക്കണം ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി ബജറ്റ് തയ്യാറാക്കേണ്ടത്.

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 29.04.2021 | - | - |

### 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്സായ തുക ₹ | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 33055116 | 33055116 | 32636074 | 419042 | |
| വികസനഫണ്ട് (SCP) | 0 | 7824000 | 7824000 | 5520547 | 2303453 | |
| വികസനഫണ്ട് (TSP) | 0 | 4690000 | 4690000 | 4268969 | 421031 | |
| 15 ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 11870000 | 11870000 | 2552181 | 9317819 | |
| 15 ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 11870000 | 11870000 | 0 | 11870000 | |
| 14 ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 16730206 | 16730206 | 16228204 | 502002 | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 33862900 | 33862900 | 33760037 | 102863 | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 7849000 | 7849000 | 5200078 | 2648922 | |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ(ഇനം തിരിച്ച്) | | | | | | |
| തൊഴിലുറപ്പ്-ഭരണ ചെലവുകൾ | 3087 | 2125371 | 2128458 | 1924084 | 204374 | |
| തൊഴിലാളികളുടെ കൂലി | 0 | 46919469 | 46919469 | 46919469 | 0 | |
| മെറ്റീരിയൽ ചെലവ് | 0 | 14026497 | 14026497 | 14026497 | 0 | |
| സമ്പൂർണ്ണ ശുചിത്വം* | 2744152 | 1946681 | 4690833 | 1210200 | 3480633 | |
| ഐ.സി.ഡി.എസ് | 770630 | 1466131 | 2236761 | 965635 | 1271126 | |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ (ഇനം തിരിച്ച്) | | | | | | |
| ജില്ലാ ദാരിദ്ര്യ ലഘൂകരണ ഫണ്ട് | 0 | 675000 | 675000 | 0 | 675000 | |
| ശുചിത്വമിഷൻ-ആധുനിക അറവുശാല | 6000000 | 0 | 6000000 | 0 | 6000000 | |
| എസ്.ടി കോർപ്പസ് ഫണ്ട്-വാക്കത്തിക്കുടി കമ്മ്യൂണിറ്റി ഹാൾ | 1287698 | 0 | 1287698 | 0 | 1287698 | |
| എസ്.ടി കോർപ്പസ് ഫണ്ട്-മേമാരിക്കുടി കമ്മ്യൂണിറ്റി ഹാൾ | 2137839 | 0 | 2137839 | 0 | 2137839 | |

* പലിശ ₹1,03,181/- ഉൾപ്പടെ

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ (റെസിപ്റ്റ് & പേയ്മെന്റ് ) വരവ്-ചെലവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

| ഫണ്ട് | ബജറ്റ് വിഹിതം ₹ | അധിക അലോട്ട്മെന്റ് ₹ | ലൈഫ് ലോൺ ₹ | അംഗൻവാടി ഹോണറേറിയം ₹ | ജവഹർ ലോൺ ₹ | വോട്ടിംഗ് മെഷീൻ ₹ | അക്കൗണ്ട് ചെയ്ത ഫണ്ട് ₹ |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 27065000 | 5990116 | 10918650 | 1927200 | 0 | 0 | 20209266 |
| വികസനഫണ്ട് (SCP) | 7824000 | 0 | 1377333 | 0 | 0 | 0 | 6446667 |
| വികസനഫണ്ട് (TSP) | 4960000 | 0 | 937098 | 0 | 0 | 0 | 4022902 |
| സംരക്ഷണ ഗ്രാന്റ് | 78490000 | 0 | 692212 | 0 | 0 | 79387 | 77718401 |

(റോഡിതരം)

1-3-1 പ്രത്യേക ഘടകപദ്ധതി വികസന ഫണ്ട് ചെലവ് 70 ശതമാനം മാത്രം

പ്രത്യേക ഘടകപദ്ധതി വികസന ഫണ്ട് വിഹിതമായ ₹78,24,000/-ൽ 2019-20ലെ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് ചെലവഴിച്ച ₹17,61,140/-ഉൾപ്പടെ 2020-21 സാമ്പത്തിക വർഷം ₹55,20,547/- ചെലവഴിച്ചിട്ടുണ്ട്. 15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2020-21 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ടിൽ ചെലവഴിക്കാത്ത തുകയുടെ പരമാവധി 20 ശതമാനം വരെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളു.

2020-21 സാമ്പത്തിക വർഷത്തിൽ പട്ടിക ജാതി വികസന ഫണ്ടിന്റെ 70 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതിനാൽ, ചുവടെകൊടുത്തിരിക്കുന്ന പ്രകാരം ₹7,38,653/- ലാപ്സായി.

| അലോട്ട്മെന്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2021-22ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|
| 7824000 | 5520547 | 2303453 | 70.56 | 1564800 | 738653 |

1-3-2 റോഡിതര സംരക്ഷണ ഗ്രാന്റ് ചെലവ് 66 ശതമാനം മാത്രം

റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിഹിതമായ ₹78,49,000/-ൽ 2019-20ലെ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് ചെലവഴിച്ച ₹10,61,894/- ഉൾപ്പടെ 2020-21 സാമ്പത്തിക വർഷം ₹52,00,078/- ചെലവഴിച്ചിട്ടുണ്ട്. 15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2020-21 സാമ്പത്തിക വർഷം അനുവദിച്ച സംരക്ഷണ ഫണ്ടിൽ ചെലവഴിക്കാത്ത തുകയിൽ അലോട്ട്മെന്റ് തുകയുടെ പരമാവധി 20 ശതമാനം വരെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളു. 2020-21 സാമ്പത്തിക വർഷത്തിൽ റോഡിതര സംരക്ഷണ ഗ്രാന്റിന്റെ 66.25 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 2021-22ൽ 2020-21 ഫണ്ടിന്റെ പരമാവധി 20 ശതമാനം മാത്രമേ ക്യാരി ഓവറായി ലഭ്യമാകുകയുള്ളു എന്നതിനാൽ 10.79ലക്ഷം രൂപ ലാപ്സായി.

| അലോട്ട്മെന്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2021-22ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|
| 7849000 | 5200078 | 2648922 | 66.25 | 1569800 | 1079122 |

1-3-3 എസ്.ടി കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ നടപ്പാക്കിയില്ല

മേമാരിക്കുടി കമ്മ്യൂണിറ്റി ഹാൾ, വാക്കത്തികുടി കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ നിർമ്മാണത്തിനായി ഇടുക്കി ജില്ലാ ഐ.ടി.ഡി.പി. പ്രോജക്ട് ഡയറക്ടറുടെ 09.11.2018-ലെ ഇ-2945/2018(1), ഇ-2945/2018(2) ഉത്തരവുകൾ പ്രകാരം, ഉപ്പുതറ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ, പട്ടികവർഗ്ഗ വകുപ്പ് എസ്.ടി കോർപ്പസ് ഫണ്ടിൽ (പ്ലാൻ) നിന്നും യഥാക്രമം ₹12,87,698/-യും ₹21,37,839/-യും അനുവദിച്ചിരുന്നു. പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് ഉപ്പുതറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും പ്രോജക്ട് ഓഫീസർ, ഐ.ടി.ഡി.പി തൊടുപുഴയും 10.01.2019-ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാർ പ്രകാരം 2019 ഏപ്രിൽ മാസം 30-നകം പ്രവർത്തി പൂർത്തീകരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രോജക്ടുകൾക്കായി അനുവദിച്ച തുകകൾ 27.09.2019-ൽ 120201201200002 അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ, പ്രവൃത്തികൾ നാളിതുവരെയും ആരംഭിച്ചിട്ടില്ല. സമയബന്ധിതമായി പ്രോജക്ട് നടപ്പാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-3-4 വികസനഫണ്ടിന്റെ അപര്യാപ്തത അധികാരവികേന്ദ്രീകരണത്തെ പ്രതികൂലമായി ബാധിക്കുന്നു.

പൊതുവിഭാഗം വികസനഫണ്ടിന്റെ കുറവ് പഞ്ചായത്തിന്റെ വികസനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. 2020-21 വർഷത്തേയ്ക്കുള്ള സംസ്ഥാന ബജറ്റ് പ്രകാരം ഉപ്പുതറ ഗ്രാമപഞ്ചായത്തിന് ₹2,70,65,000/-യാണ് പൊതുവിഭാഗം വികസന ഫണ്ട് അനുവദിച്ചത്. ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം അംഗനണവാടി ഹോണറേറിയം നൽകുന്നതിന് ₹19,27,200/-യും ലൈഫ് ഭവന പദ്ധതിയ്ക്കായി ഹഡ്കോയിൽ നിന്നും എടുത്ത ലോൺ തിരിച്ചടവായി ₹1,09,18,650/-യും സ്രോതസ്സിൽ നിന്നും കിഴിവ് വരുത്തിയതിന് ശേഷം ₹1,42,19,150/-യാണ് പഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്. ലൈഫ് ലോൺ തിരിച്ചടവിന് വികസന ഫണ്ടിന്റെ രണ്ട്, മൂന്ന് ഗഡുക്കളിൽ നിന്നും കുറവ് ചെയ്ത തുക തികയാതെ വന്നതിനാൽ റോഡിതര സംരക്ഷണ ഗ്രാന്റിന്റെ മൂന്നാം ഗഡുവിൽ നിന്നും ₹6,92,212/- സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്.

| ഗഡു | ബജറ്റ് വിഹിതം ₹ | സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക ₹ | | | അക്കൗണ്ട് ചെയ്ത ഫണ്ട് ₹ |
|---|---|---|---|---|---|
| | | ലൈഫ് ലോൺ ₹ | അംഗൻവാടി ഹോണറേറിയം ₹ | ആകെ ₹ | |
| 1 | 9907700 | 0 | 642400 | 642400 | 9265300 |
| 2-1 | 4953850 | 0 | 0 | 0 | 4953850 |
| 2-2 | 3181750 | 2539350 | 642400 | 3181750 | 0 |
| 3 | 9021700 | 8379300 | 642400 | 9021700 | 0 |
| ആകെ | **27065000** | **10918650** | **1927200** | **12845850** | **14219150** |

പൊതുവിഭാഗം വികസന ഫണ്ടിന്റെ പകുതിയോളം തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ സർവ്വോന്മുഖമായ വികസനത്തിന് തടസ്സം നേരിടുന്നുണ്ട്. വികസന ഫണ്ടിൽ നിന്നും നിർബന്ധിതമായി വിഹിതം നീക്കിവയ്ക്കേണ്ട ഇനങ്ങളായ അംഗൻവാടി പോഷകാഹാരം, എസ്.എസ്.എ വിഹിതം, ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും, പാലിയേറ്റീവ് കെയർ, പി.എം.എ.വൈ അധിക വിഹിതം, ആശ്രയ പ്രോജക്ട് വിഹിതം, ഐ.കെ.എം വിഹിതം എന്നിവയ്ക്ക് ശേഷം തുച്ഛമായ തുക മാത്രമാണ് വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമാവുന്നത്. ഫണ്ടിന്റെ

അപര്യാപ്തത ഉദ്പാദന, പശ്ചാത്തല മേഖലകളിലെ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് തടസ്സം നിൽക്കുന്നുണ്ട്.

കാർഷിക, ക്ഷീരമേഖലകളെ ആശ്രയിച്ച് ജീവിക്കുന്ന ഗ്രാമപഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങളിലേയ്ക്കും അധികാര വികേന്ദ്രീകരണത്തിന്റെ ഫലങ്ങൾ കൃത്യമായും സ്ഥായിയായും ലഭിക്കുന്നതിനും പശ്ചാത്തല മേഖലയുടെ വികസനത്തിൽ ഏറെ ദൂരം പിന്നിടുവാനുള്ള പഞ്ചായത്തിന്റെ ശ്രമങ്ങൾക്ക് ഭംഗം നേരിടുന്നതിനും ഫണ്ടിന്റെ കുറവ് കാരണമാകും. തുടർ വർഷങ്ങളിലും വികസനഫണ്ടിൽ നിന്നും ലൈഫ് ലോൺ തിരിച്ചടവിനും അംഗൻവാടി ഹോണറേറിയം നൽകുന്നതിനും സ്രോതസ്സിൽ നിന്നും കുറവ് ചെയ്യുന്നതിന് സാധ്യതയുണ്ട്. കൂടാതെ, സ്പിൽ ഓവർ പ്രോജക്ടുകൾക്ക് മുൻവർഷത്തെ ബജറ്റ് വിഹിതത്തിന്റെ പരമാവധി 20 ശതമാനം മാത്രമേ ലഭിക്കൂ. അതിനാൽ, പൊതുവിഭാഗം വികസന ഫണ്ടിൽ അധിക വിഹിതം ലഭ്യമാക്കുന്നതിനുള്ള ശ്രമം പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

1-3-5 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

1. വിവിധ ഗ്രാന്റുകളുടെ ബജറ്റ് അലോക്കേഷൻ, വരവ് വിവരങ്ങൾ തെറ്റായി ആണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2. ഗ്രാന്റുകളുടെ ചെലവഴിക്കാതെ നീക്കിയിരിപ്പുള്ള തുക നെഗറ്റീവ് ആയി രേഖപ്പെടുത്തിയിരിക്കുന്നു.

3. റോഡ് സംരക്ഷണ ഗ്രാന്റിന്റെ ചെലവ് തെറ്റായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

4.കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃത ഗ്രാന്റുകളുടെ വരവ്-ചെലവുകൾ ഗ്രാന്റ്/ഇനം തിരിച്ച് ലഭ്യമാക്കിയിട്ടില്ല.

1-3-6 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാതെ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ആസ്തി ബാദ്ധ്യത പത്രിക പരിശോധിച്ചതിൽ 31.03.2021-ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തിട്ടുണ്ട്.

| ക്രമ നം. | ശീർഷകം | തുക ₹ |
|---|---|---|
| 1 | 320100199 | 216241.00 |
| 2 | 320200311 | 28302.00 |
| 3 | 320200317 | 194954.00 |
| 4 | 320400199 | 157660.00 |

മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസിയുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും ലഭ്യമാക്കേണ്ടതാണ്. വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക/ വിനിയോഗശേഷം മിച്ചമുള്ള തുകകൾ, ഫണ്ട് അനുവദിച്ച മാനദണ്ഡങ്ങൾക്ക് അനുസൃതമായി അതത് സ്ഥാപനങ്ങൾക്ക് തിരികെ ഒടുക്കേണ്ടതോ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രമീകരിക്കേണ്ടതോ ആണ്.

1-4 പദ്ധതി അവലോകനം

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | അടങ്കൽ ₹ | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ചെലവ് ₹ | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 15 | 9154065 | 14 | 5852533 | 1 | 63.93 |
| വെറ്ററിനറി സർജൻ | 10 | 7862619 | 5 | 2602542 | 5 | 33.10 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 2 | 1128850 | 2 | 810060 | 0 | 71.76 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 1050000 | 3 | 1046071 | 0 | 99.63 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 8924700 | 5 | 6669346 | 1 | 74.73 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 800000 | 1 | 400000 | 0 | 50 |
| സെക്രട്ടറി | 30 | 25932005 | 23 | 22378880 | 7 | 86.3 |
| വി.ഇ.ഒ | 17 | 101501761 | 10 | 57462545 | 7 | 56.61 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 209 | 105108420 | 138 | 63330633 | 71 | 59.94 |

| | | | | | | |
|---|---|---|---|---|---|---|
| അസി. സെക്രട്ടറി | 22 | 31057232 | 13 | 4609747 | 9 | 14.84 |
| ആകെ | 315 | 292519652 | 214 | 165162357 | 101 | 56.46 |

315 പദ്ധതികൾക്കായി ₹29,25,19,652/- വകയിരുത്തിയിരുന്നുവെങ്കിലും 214 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത് (₹16,51,62,357/- മാത്രമാണ് ചെലവ്).

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ നിർവ്വഹണ ചെലവ് | 3087 | 2125371 | 2128458 | 1924084 | 204374 |
| വിദഗ്ധ-അർദ്ധ വിദഗ്ധ തൊഴിലാളികളുടെ കൂലി | 0 | 2313993 | 2313993 | 2313993 | 0 |
| അവിദഗ്ധ തൊഴിലാളികളുടെ കൂലി | 0 | 44605476 | 44605476 | 44605476 | 0 |
| സാധന സാമഗ്രികളുടെ വിലയിനത്തിൽ ചെലവ് | 0 | 14026497 | 14026497 | 14026497 | 0 |
| ആകെ ചെലവ് | 3087 | 63071337 | 63074424 | 62870050 | 204374 |

| വർഷാരംഭത്തിൽ ഉണ്ടായിരുന്ന തൊഴിൽ കാർഡുകൾ-എണ്ണം | ഒഴിവായ കാർഡുകൾ | പുതുതായി നല്കിയ കാർഡുകൾ എണ്ണം | വർഷാവസാനമുള്ള ആകെ കാർഡുകൾ | തൊഴിൽ ആവശ്യപ്പെട്ടവർ | | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങൾ |
|---|---|---|---|---|---|---|---|
| | | | | കുടുംബങ്ങൾ | വ്യക്തികൾ | | |
| 5567 | 71 | 357 | 5853 | 3882 | 5452 | 148497 | 97 |

## 1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1059800 | 79 |
| വിധവാ പെൻഷൻ | 18118100 | 1315 |
| വാർദ്ധക്യ കാല പെൻഷൻ | 41995200 | 3414 |
| വികലാംഗ പെൻഷൻ | 4938200 | 355 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 388200 | 33 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.09.2021-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹8,946/-യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

1. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്.
2. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല.
3. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.
4. തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നില്ല.
5. പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല.
6. പഞ്ചായത്തിൽ 18 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

## 1-9 വിവിധ വരവുകളുടെ വാർഷിക കണക്കുകളിലെ തുകകളും രജിസ്റ്ററുകളിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കുകളിലെ വിവിധ വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളും രജിസ്റ്ററുകളിലെ തുകകളും തമ്മിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരമുള്ള വ്യത്യാസങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ഇനം | വാർഷിക കണക്കുകൾ ₹ | | | രജിസ്റ്റർ ₹ | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| വസ്തു നികുതി (ഗാർഹികം)-തൻവർഷം | 1359492 | 1080189 | 347276 | 1359492 | 1081163 | 274425 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| വസ്തു നികുതി (ഗാർഹികം)-കുടിശിക | 480875 | 165057 | 448215 | 600613 | 165057 | 44289 |
| വസ്തു നികുതി (ഗാർഹികേതരം)-തൻവർഷം | 648040 | 1540182 | 257201 | 1797383 | 1548113 | 249273 |
| വസ്തു നികുതി (ഗാർഹികേതരം)-കുടിശിക | 249060 | 154390 | 493650 | 728006 | 154390 | 574533 |
| വാടക-കുടിശിക | 210330 | 2630 | 193400 | രജിസ്റ്റർ ഹാജരാക്കിയിട്ടില്ല | | |
| പാട്ടം-സ്ഥലം | 300000 | 256000 | 44000 | 256000 | 256000 | |
| മാർക്കറ്റ് | 379200 | 374200 | 5000 | 379200 | 379200 | |

വാർഷിക കണക്കുകളും രജിസ്റ്ററുകളും തമ്മിൽ വ്യത്യാസം വന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-10 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല**

ജേണൽ വൗച്ചർ പ്രകാരം വാർഷിക കണക്കുകളിൽ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ, ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും പരിപാലിക്കുന്നില്ല.

| ക്രമ നം. | ഹെഡ് | വൗച്ചർ നം. | തിയതി | തുക ₹ |
|---|---|---|---|---|
| 1 | 411200101 | 42000330 | 31.03.2021 | 451,034 |
| 2 | 411300101 | 42000331 | 31.03.2021 | 9,036,766 |
| 3 | 411310101 | 42000332 | 31.03.2021 | 6,726 |
| 4 | 411320101 | 42000333 | 31.03.2021 | 197,039 |
| 5 | 411330101 | 42000334 | 31.03.2021 | 737,084 |
| 6 | 411500101 | 42000335 | 31.03.2021 | 1,430 |
| 7 | 411600101 | 42000336 | 31.03.2021 | 325,559 |
| 8 | 411700101 | 42000337 | 31.03.2021 | 329,252 |
| 9 | 411800101 | 42000338 | 31.03.2021 | 127,067 |

ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും ക്രമീകരിക്കുവാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി. രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും ഹാജരാക്കേണ്ടതാണ്.

**1-11 സാംഖ്യയിൽ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി ചെയ്യുന്നില്ല**

സാംഖ്യ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ ചെയ്തിട്ടില്ല എന്ന് കാണുന്നു. വിവിധ നികുതി-നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റുകൾ സാമ്പത്തിക വർഷത്തിന്റെ ആദ്യ പ്രവൃത്തി ദിവസം തന്നെ ജേണൽ എൻട്രി ചെയ്യേണ്ടതാണ്. കൂടാതെ മുൻ വർഷാവസാനം പിരിഞ്ഞുകിട്ടുവാൻ അവശേഷിക്കുന്ന തുകകൾ കറന്റ് ഡിമാന്റിൽ നിന്നും മാറ്റി കുടിശ്ശിക ഡിമാന്റായി ജേണൽ എൻട്രി ചെയ്യേണ്ടതാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ വിവിധ നികുതി നികുതിയേതര വരുമാനങ്ങളുടെ 2020-21ലെ ജേണൽ എൻട്രി 31.03.2021-ൽ ആണ് ചെയ്തിട്ടുള്ളത്. 31.03.2020-ൽ പിരിഞ്ഞുകിട്ടുവാൻ അവശേഷിക്കുന്ന തുകകൾ കുടിശിക ഡിമാന്റിലേയ്ക്ക് ക്രമീകരിച്ചിട്ടുള്ളത് 2020 ജൂൺ മാസമാണ്. സാമ്പത്തിക വർഷം വരവുകൾ അസസ് ചെയ്ത് നികുതി നിർണ്ണയിക്കുന്ന അവസരത്തിൽ തന്നെ ജേണൽ എൻട്രി ചെയ്യേണ്ടതാണ്. നികുതി നിർണ്ണയിച്ച ജേണൽ എൻട്രി ചെയ്യാത്തതിനാൽ തൻവർഷത്തെ പുതിയ നികുതി, നികുതിയേതര വരുമാനങ്ങളെല്ലാം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയില്ല. സാമ്പത്തിക വർഷാരംഭത്തിലെ ഓപ്പണിംഗ് എൻട്രികൾ നടത്തുന്നതിനും അസസ്സ് ചെയ്യുന്ന അവസരത്തിൽ തന്നെ ഡിമാന്റിൽ ചേർക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**1-12 അസി എഞ്ചിനിയർ ടെണ്ടർ ഫാറവില ഗ്രാമപഞ്ചായത്തിൽ ഒടുക്കിയില്ല**

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്ന നിർമ്മാണ പ്രവർത്തികളുടെ ടെണ്ടർ ഫാറ വില ഈടാക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ നിന്നും കൈപ്പറ്റിയ 2246 നമ്പർ രസീത് ബുക്ക് പ്രകാരം ഈടാക്കിയ തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടില്ല.

| രസീത് നം./തീയതി | തുക ₹ |
|---|---|
| 9576/31, 05.07.2021 | 560 |
| 9576/32, 05.07.2021 | 560 |
| ആകെ | 1120 |

മേൽ തുക ഒടുക്കിയിട്ടില്ലാത്തത് ഓഡിറ്റിൽ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് 06.09.2021-ൽ 121030100803 നമ്പർ രസീത് പ്രകാരം ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. ഔട്ട് ഡോർ കളക്ഷനും നിർവ്വഹണ ഉദ്യോഗസ്ഥർക്കും നൽകുന്ന രസീത് ബുക്കുകൾ പ്രകാരം പിരിക്കുന്ന തുകകൾ യഥാസമയം ഗ്രാമപഞ്ചായത്തിൽ ഒടുക്ക് വരുത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-13 വാടക കുടിശിക ഈടാക്കിയിട്ടില്ല

2020-21 വർഷം താഴപ്പറയുന്ന വ്യക്തികളിൽ നിന്നും വാടക ഈടാക്കിയിട്ടില്ല.

| ക്രമ നം | വാടകക്കാരന്റെ പേര് | മുറി നം | പ്രതിമാസ വാടക ₹ | ആകെ വാടക ₹ | ഒടുക്കിയ വാടക ₹ | കുടിശിക ₹ |
|---|---|---|---|---|---|---|
| 1 | അരുൺകുമാർ ജി, വേട്ടമലയിൽ | 45 | 3600 | 43200 | 15126 | 28074 |
| 2 | സാജു കെ എസ്, കൊല്ലശേരിയൽ | 50 | 2415 | 28980 | 0 | 28980 |

മേൽ വ്യക്തികളിൽ നിന്നും വാടക കുടിശിക ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറിക്ക് (നം. 2/7.9.2021) നൽകിയ മറുപടിയിൽ ക്രമ നമ്പർ (1) പ്രകാരമുള്ള വാടകക്കാരനിൽ നിന്നും വാടക ഈടാക്കുന്നതിന് നിരവധി തവണ നോട്ടീസ് നൽകിയെങ്കിലും നാളിതുവരെ വാടക ഒടുക്കിയിട്ടില്ലായെന്നും വാടക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ക്രമ നമ്പർ (2) പ്രകാരമുള്ള മുറി നമ്പർ 50, 06.04.2019-ലെ 1(1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം വാടകക്കാരനായ ശ്രീ.സാജു കൊല്ലശേരിയിൽ എന്ന വ്യക്തിയുമായുള്ള കരാർ അവസാനിപ്പിക്കുന്നതിന് തീരുമാനിച്ചിരുന്നതാണ്. ഇതിനെതിരെ വാടകക്കാരൻ ബഹു. കേരള ഹൈക്കോടതിയെ സമീപിക്കുകയും അനുകൂലമായ താല്ക്കാലിക വിധി നേടുകയും ചെയ്തിട്ടുണ്ട്. ഇതിനെതിരെ ഗ്രാമപഞ്ചായത്ത് ഹൈക്കോടതിയിൽ അപ്പീൽ നൽകിയിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കോടതി ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല

വസ്തു നികുതി കുടിശിക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതിയിനത്തിൽ ഗണ്യമായ കുടിശിക ഈടാക്കാനുണ്ട്.

| ക്രമ നം | വാർഡ് നം/ കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | കുടിശിക വർഷം | ആകെ കുടിശിക ₹ |
|---|---|---|---|---|
| 1 | 7/409 A | ബി എസ് എൻ എൽ | 2016-17 മുതൽ 2020-21 വരെ | 78750 |
| 2 | 12/363 | റിലയൻസ് ടെലകോം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | 2013-14 മുതൽ 2020-21 വരെ | 126000 |
| 3 | 13/468 | ഭാരതി ഇൻഫോടെൽ ലിമിറ്റഡ് | 2013-14 മുതൽ 2020-21 വരെ | 27720 |

മേൽ കുടിശികക്കാരിൽ നിന്നും വസ്തു നികുതി ഈടാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. ക്രമ നം (1) പ്രകാരമുള്ള കെട്ടിട ഉടമ ബഹു. കേരള ഹൈക്കോടതിയിൽ നിന്നും നികുതി ഒടുക്കുന്നതിന് എതിരെ ഉത്തരവ് നേടുകയും പിന്നീട് നികുതി ഒടുക്കുന്നതിന് തയ്യാറാണെന്ന് കാണിച്ച് 19-07-2019-ൽ ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഗ്രാമപഞ്ചായത്ത് നികുതി ഒടുക്കുന്നതിന് നോട്ടീസ് നൽകിയെങ്കിലും നാളിതുവരെ വസ്തു നികുതി ഒടുക്കിയിട്ടില്ല. വസ്തു നികുതി കാലഹരണപ്പെടാതെ റവന്യൂ റിക്കവറി നടപടികളുൾപ്പെടെയുള്ള മാർഗ്ഗങ്ങളിലൂടെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - അവലോകനം

ലോകത്തെ ആകമാനം ബാധിച്ച കോവിഡ് മഹാമാരിയെ ഫലപ്രദമായി നേരിടുന്നതിനും പുനരധിവാസപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മാതൃകാപരമായ പ്രവർത്തനങ്ങളാണ് ഉപ്പുതറ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചത്. യഥാസമയം തന്നെ രോഗ നിർണയം നടത്തുന്നതിനും രോഗികളെ കോവിഡ് കെയർ സെന്ററുകളിലേക്ക് എത്തിച്ച് വേണ്ട പരിചരണം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി CFLTC സജ്ജീകരിക്കുകയും ഗുരുതര അവസ്ഥയില്ലുള്ള രോഗികളെ ഇടുക്കി മെഡിക്കൽ കോളേജിലെ കോവിഡ് വാർഡുകളിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. രോഗികളുടെ ഹോം ക്വാറന്റൈനിലായ ബന്ധുക്കൾ, CFLTC-യിൽ അഡ്മിറ്റ് ചെയ്ത രോഗികൾ, കോവിഡ് വോളന്റിയർമാർ തുടങ്ങിയവരുടെ ഭക്ഷ്യ ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി ജനകീയ ഹോട്ടൽ സ്ഥാപിക്കുകയുണ്ടായി. ജനകീയ ഹോട്ടലിന്റെ നടത്തിപ്പിനായി കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും ₹50,000/- ലഭിച്ചത് കൂടാതെ സിവിൽ സപ്ലൈസ് വകുപ്പ് മുഖേന ₹10.50 സബ്സിഡി നിരക്കിൽ അരിയും ലഭിച്ചിട്ടുണ്ട്. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം ചെലവഴിച്ച തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| ഹോമിയോ പ്രതിരോധമരുന്ന് വിതരണം | ₹40000 |
| ഫസ്റ്റ് ബെൽ പഠനകേന്ദ്രം | ₹29250 |
| തരിശുഭൂമി കൃഷി പ്രോത്സാഹനം(വിവിധ പ്രോജക്ടുകൾ മുഖേന) | ₹614298 |
| ഭക്ഷണസാധനങ്ങൾ, വാടക | ₹163895 |
| ആകെ | ₹847443 |

രോഗികൾക്കും കുടുംബാംഗങ്ങൾക്കും വേണ്ട സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന് ശ്രീ. ഷിജു സി, ഹെഡ് ക്ലാർക്ക്, ചെയർമാനായും ശ്രീമതി റ്റി. കെ. അശ്വതി മോൾ, നോഡൽ ഓഫീസർ/കൺവീനറായും ആരംഭിച്ച ഹെൽപ് ഡെസ്ക് സേവനം തുടരുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും RAPID RESPONSE TEAM മെമ്പേഴ്സിനെ പ്രാഥമിക ആരോഗ്യം കേന്ദ്രം വഴി പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്.

ഡയാലിസിസ് ചെയ്യുന്നവർ, അർബുദ രോഗികൾ, ഇതര ഗുരുതര രോഗബാധിതർ എന്നിവർക്ക് മരുന്ന് വാങ്ങി നൽകുന്നതിന് വികസന ഫണ്ട്, തനത് ഫണ്ട്, റോഡിതര മെയിന്റനൻസ് ഗ്രാന്റ് എന്നിവ ഉപയോഗിച്ച് പ്രോജക്ട് ഏറ്റെടുത്തിട്ടില്ല. എങ്കിലും ബഹുജന പങ്കാളിത്തത്തോടെ അവർക്ക് ജീവൻ രക്ഷാമരുന്ന് എത്തിച്ചുനൽകാൻ ശ്രമം നടന്നിട്ടുണ്ട്. കോവിഡ് 19 ധനസഹായമായി തുകയൊന്നും ലഭ്യമായിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ തരിശു ഭൂമി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റ ഭാഗമായി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

1-16 കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേയ്ക്ക് ക്രമീകരിച്ചിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 282 പ്രകാരവും 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 79 പ്രകാരവും കാലവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിനുശേഷം പഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരികെ മുതൽ കൂട്ടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 01.04.2020-ലെ എ.സി-1/125/2019/തസ്വഭവ. സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപ്പോസിറ്റുകൾ, ഓരോന്നിന്റെയും കാലാവധി മൂന്ന് വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ

അതത് സ്ഥാപനത്തിന്റെ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ വർഷങ്ങളായി ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേയ്ക്ക് ക്രമീകരിക്കാതെ നിലനിൽക്കുന്നുണ്ട്.

| ക്രമ നം | ഹെഡ് കോഡ് | ഹെഡ് | കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ (₹) |
|---|---|---|---|
| 1 | 340100102 | Suppliers' Earnest Money Deposit | 17260.00 |
| 2 | 340100103 | Bidders' Earnest Money Deposit | 199498.00 |
| 3 | 340100202 | Suppliers' Security Deposit | 2250.00 |
| 4 | 340200101 | Rent Deposit | 603391.00 |
| 5 | 340200102 | Auction Deposit | 50000.00 |

കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേയ്ക്ക് ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-17 സാക്ഷരതാ പ്രേരക്മാർക്ക് ഹോണറേറിയം-മുൻകൂർ ക്രമീകരിച്ചിട്ടില്ല

സാക്ഷരത മിഷനിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ക്രമീകരിക്കുമെന്ന വ്യവസ്ഥയിൽ സാക്ഷരത പ്രേരക് മാർക്ക് ഹോണറേറിയം നൽകുന്നതിനായി ₹1,35,240/- തനത് ഫണ്ടിൽ നിന്നും മുൻകൂറായി 2016-17 സാമ്പത്തിക വർഷവും ₹18,944/- 2020-21 സാമ്പത്തിക വർഷവും നൽകിയിട്ടുണ്ട്. 2020-21 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ₹1,54,184/- ബാലൻസ് ഷീറ്റിലെ 460509901-Advance To Others ഹെഡിൽ ക്രമീകരിക്കുന്നതിനായി അവശേഷിക്കുന്നുണ്ട്. സാക്ഷരത മിഷനിൽ നിന്നും തുക ലഭ്യമാക്കി തനത് ഫണ്ടിലേയ്ക്ക് ക്രമീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ടാറിംഗ് പ്രവൃത്തികൾ- കാലിവീപ്പ വില ഈടാക്കിയില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് 2016-ലെ ഡെൽഹി ഷെഡ്യൂൾ നിരക്ക് അടിസ്ഥാനമാക്കി പ്രൈസ് (PRICE ) സോഫ്റ്റ് വെയറിലാണ്. ഇതിൽ തയ്യാറാക്കിയിരിക്കുന്ന താഴെ സൂചിപ്പിക്കുന്ന ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ Packed Bitumin-ന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. ആകയാൽ ഇത്തരം പ്രവൃത്തികളിൽ കാലിവീപ്പയുടെ മൂല്യം ഫൈനൽബില്ലിൽ നിന്ന് കുറവ് ചെയ്യാൻ സർക്കാർ നിർദ്ദേശമുള്ളതാണ്. എന്നാൽ ചുവടെ ചേർക്കുന്ന റീ-ടാറിംഗ് പ്രോജക്ടിന്റെ ബില്ലിൽനിന്ന് പ്രസ്തുത തുക ഈടാക്കിയില്ല.

| | | |
|---|---|---|
| പ്രോജക്ട് നം., പേര് | 199/21 , വെള്ളപ്പതാൽ- കാപ്പിപ്പതാൽ റോഡ് മെയിന്റനൻസ്. | കാക്കത്തോട് റോഡ് വാർഡ് V 209/21 |
| അടങ്കൽ തുക ₹ | ₹500000 (റോഡ് മെയിന്റനൻസ് ഗ്രാന്റ് ) | ₹500000 (റോഡ് മെയിന്റനൻസ് ഗ്രാന്റ് ) |
| കരാറുകാരൻ | ശ്രീ. സാബു ജോസഫ് | ശ്രീ. സാബു പി.ജി |
| അളവു പുസ്തകം | 1100/19-20 | 1098/19-20 |
| ആകെ ബിൽ തുക ₹ | ₹493080/- (BRN- 2010085201380038691/ 11.04.20) | ₹492383 (BRN- 2010085201380038690 /11.04.20) |
| RS1 ബിറ്റുമിൻ അളവു പുസ്തകപ്രകാരം പ്രവൃത്തിക്ക് ഉപയോഗിച്ച ബിറ്റുമിന്റെ അളവ് (കി.ഗ്രാം )/വീപ്പകളുടെ എണ്ണം | 219 കി. ഗ്രാം 219/182=1.2 അതായത് 1 | 319.47.കി. ഗ്രാം 329.47/182=1.81 അതായത് 2 |
| ബിറ്റുമിന്റെ ഇനം S-65ഉപയോഗിച്ച അളവ് (കി.ഗ്രാം )/ വീപ്പകളുടെ എണ്ണം | 2258.23 2258.23/156=14.47 അതായത് 15 | 3419.41കി.ഗ്രാം 3419.41/156=21.91 അതായത് 22 |

ഒരു കാലിവീപ്പയുടെ മൂല്യം = ₹238/- + 18% GST

കരാറുകാരനിൽനിന്ന് ഈടാക്കേണ്ട 40 (16+24)വീപ്പകളുടെ മൂല്യം =40x 238 = ₹9520/-

ബാധകമായ GST = (238 X 18% ) X 40 =₹1713.6/-

ആകെ = ₹11233.6/- . അതായത്₹11234 /-

തുക ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8/തീ.15.09.2021 ) മറുപടി ലഭ്യമാക്കിയില്ല.

ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ ജി.ഒ(പി) നം. 177/2006 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 10, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30.10.2007-ലെ 59827/FM/07 നമ്പർ സർക്കുലർ എന്നിവ പ്രകാരം കാലിവീപ്പകളുടെ മൂല്യമായി ഈടാക്കുന്ന തുകകൾ പ്രോജക്ടിനുവേണ്ടി വകയിരുത്തിയ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. പ്രസ്തുത പ്രോജക്ടിനുവേണ്ടി മെയിന്റനൻസ് ഗ്രാന്റ് (റോഡ്) വിനിയോഗിച്ചിട്ടുള്ളതിനാൽ ശീർഷകമായ 3054-911-Deduct Recoveries Of Overpayments-ലേക്ക് പ്രസ്തുത തുക തിരികെ ഒടുക്കേണ്ടിയിരുന്നു. കാലിവീപ്പകളുടെ മൂല്യം ₹11,234/- കരാറുകാരനിൽനിന്നോ, ബില്ലിൽനിന്ന് ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ അസി. എൻജിനിയറിൽ നിന്നോ ഈടാക്കി മേൽ പരാമർശിച്ച കണക്ക് ശീർഷകത്തിലും GST തുക അതിന്റെ ശീർഷകത്തിലും സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

## 1-19 വീട് മെയിന്റനൻസ് - പണി പൂർത്തീകരിച്ചില്ല

തൻവർഷം വി.ഇ.ഒ. നിർവ്വഹണം നടത്തിയ വീട് മെയിന്റനൻസ്(351/21) പദ്ധതിയിൽ വീട് മെയിന്റനൻസിന് വേണ്ടി അഡ്വാൻസായി ₹25,000/- നിരക്കിൽ 285/24.02.2021 ബിൽ പ്രകാരം 13 ഗുണഭോക്താക്കൾക്ക് ആകെ ₹3,25,000/- അനുവദിച്ച് നൽകിയിരുന്നു. ശ്രീ. ചിന്നദുരൈ, പുത്തൻപുരയിൽ എന്ന ഗുണഭോക്താവൊഴികെ എല്ലാവരും പണി പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്. പണി പൂർത്തീകരിക്കുന്നതേയുള്ളുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. പണി പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തപക്ഷം ഇദ്ദേഹത്തിന് നല്കിയ അഡ്വാൻസ് ബാധകമായ പലിശ സഹിതം ഈടാക്കേണ്ടതാണ്.

**1-20 പദ്ധതികളുടെ ബിൽതയ്യാറാക്കുമ്പോൾ ക്ഷേമനിധിവിഹിതം,ആദായനികുതി എന്നീ ഇനങ്ങളിൽ അധിക തുക കുറവ് ചെയ്ത് ഒടുക്കുന്നു..**

തൻവർഷം അസി. എഞ്ചിനീയർ നിർവ്വഹണം നടത്തി ബിൽ തയ്യാറാക്കിയിരിക്കുന്ന എല്ലാ പ്രവൃത്തികളിലും ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും 1% വീതം ക്ഷേമനിധിവിഹിതം, ആദായനികുതി എന്നിവ ഈടാക്കുന്നതിന് പകരം പ്രവൃത്തിമൂല്യത്തിനൊപ്പം 12% ജി.എസ്.റ്റി. കൂട്ടിയതിന് ശേഷം പ്രസ്തുത തുകയ്ക്ക് ക്ഷേമനിധിവിഹിതം, ആദായനികുതി എന്നിവ ഈടാക്കുന്നതായി കാണുന്നു. ഇതുസംബന്ധിച്ച് ഓഡിറ്റ് അന്വേഷണം 6/09.09.2021 നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഇത്തരം അപാകത ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

**1-21 തുമ്പൂർമുഴി മോഡൽ മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ**

| | |
|---|---|
| നിർവ്വഹണം | അസി. എഞ്ചിനീയർ |
| പ്രോജക്ട് നം | 58/20, 240/21 |
| അടങ്കൽ | ₹8,00,000/- |
| ബിൽ നം. | 201002013800712397/20.05.20 ₹5,38,112/- |
| നിർവ്വഹണ ഏജൻസി | സോഷ്യോ എക്കണോമിക് ഫൗണ്ടേഷൻ, കോട്ടയം |
| അളവ് ബുക്ക് | 1114/AEE/UPA/19-20<br>1113/AEE/UPA/19-20 |

പത്ത് ബിന്നുകൾ ഉൾപ്പെടുന്ന എയറോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ളതാണ് പദ്ധതി. 2018-19 വർഷം അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ എക്കണോമിക് ഫൗണ്ടേഷൻ തന്നെ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് തൻവർഷം തന്നെ കരാർ തയ്യാറാക്കി പദ്ധതി നിർവ്വഹണത്തിന് ഏൽപ്പിച്ചിരിക്കുന്നത്. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1 ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുക എന്ന സർക്കാർ നയത്തെ ഒരുതരത്തിലും ന്യായികരിക്കുന്നതല്ല ഈ പദ്ധതി
ഗാർഹിക/ഗാർഹികേതര ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുക എന്ന സർക്കാരിന്റെ പൊതുനയത്തിന് വിരുദ്ധമായി മാലിന്യങ്ങൾ പഞ്ചായത്ത് തലത്തിൽ ശേഖരിച്ച് സംസ്കരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പാക്കിയിരിക്കുന്നത്.

2 ജി.ഐ ഷീറ്റ് ഇനത്തിൽ മാറ്റം
അളവ് ബുക്കിൽ പാർട്ട് ബി ഇനം 4 പ്രകാരം ഡി.എസ്.ആർ. കോഡ് 12.50 രേഖപ്പെടുത്തി ജി.ഐ. കൊറുഗേറ്റഡ് ഷീറ്റ് 79.06 Sq.Mtr സ്ഥാപിച്ചിരിക്കുന്നു. ഇതിന്റെ ഘനം എസ്റ്റിമേറ്റിലോ അളവ് ബുക്കിലോ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഡി.എസ്.ആർ കോഡ് 12.50 എന്നത് 0.50mm ജി.ഐ. കൊറുഗേറ്റഡ് ഷീറ്റ് സ്ഥാപിക്കുന്നതിനുള്ളതാണ്. എൽ.എസ്.ജി.ഡി. ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് നടത്തിയ പരിശോധനയിൽ 0.50mm ജി.ഐ. കൊറുഗേറ്റഡ് ഷീറ്റിന് പകരം 0.35mm G.I. ട്രഫോഡ് ഷീറ്റാണ് സ്ഥാപിച്ചിരിക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടു. അളവ് ബുക്കിൽ കൊറുഗേറ്റഡ് ഷീറ്റ് എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

2018-ലെ 54.9%കോസ്റ്റ് ഇൻഡക്സും C.P. യില്ലാതെയും 7.5 Overhead Charge നൽകിയും ഈ ഇനത്തിന് ₹796.99 /ചതുരശ്രമീറ്റർ നിരക്കാണ് അനുവദിച്ചിരിക്കുന്നത്.

2020-21ൽ നടത്തിയ ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് അധിക സൗകര്യങ്ങൾ എന്ന പ്രവൃത്തിയിലെ ഇനം 10-ന് ഒബ്സേർവ്ഡ് ഡേറ്റാ പ്രകാരം 0.35mm G.I. ട്രഫോഡ് ഷീറ്റിന് കോസ്റ്റ് ഇൻഡക്സ് 48.71, C.P.-7.5%, Overhead Charge.-7.5% എന്നിവ ഉൾപ്പെടെ കണക്കാക്കിയ നിരക്ക് ₹582.7 ചതുരശ്രമീറ്റർ ആണ്.ഈ നിരക്കിനെ അടിസ്ഥാനമാക്കി 54.9% കോസ്റ്റ് ഇൻഡക്സും C.P. യില്ലാതെയും 7.5 Overhead Charge നൽകിയും ഈ ഇനത്തിന് അനുവദിക്കാവുന്ന നിരക്ക് ചതുരശ്രമീറ്ററിന് താഴെ കണക്കാക്കിയിരിക്കും പ്രകാരം ₹544.70 മാത്രമാണ്.

| | |
|---|---|
| കോസ്റ്റ് ഇൻഡക്സ്, C.P., Overhead Charge ഉൾപ്പെടെ | ₹582.7 |
| കോസ്റ്റ് ഇൻഡക്സ് 48.71%ഒഴിവാക്കിയുള്ള തുക | 582.7/1.4871=391.84 |
| C.P. +Over Head Charge 15% ഒഴിവാക്കിയുള്ള തുക | 391.84/1.15=340.73. |

| | |
|---|---|
| അടിസ്ഥാന നിരക്ക് | ₹340.73 |
| (+)ഓവർഹെഡ് ചാർജ്ജ് 7.5% | ₹25.55 |
| ആകെ | ₹366.28 |
| (+)കോസ്റ്റ് ഇൻഡക്സ് | ₹201.09 |
| ആകെ | ₹567.37 |

| ഈ ഈനത്തിന് അനുവദിക്കാവുന്ന തുക | അനുവദിച്ച തുക ₹ | അധികം ₹ |
|---|---|---|
| 79.06 X 567.37=₹444856.27 | 63607.77 | 18751.50 |

3 PVC ഡോറിന് മാർക്കറ്റിൽ ലഭിക്കുന്നതിനേക്കാൾ ആറ് ഇരട്ടിയിൽ അധികം നിരക്ക്

I. മാർക്കറ്റിൽ കുറഞ്ഞവിലയ്ക്ക് ലഭിക്കുന്ന PVC ഡോറിന് ഡി.എസ്.ആർ നിരക്കിൽ നിർവ്വഹണ ഏജൻസി തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കി പാർട്ട്-എ ഇനം-19 പ്രകാരം നിർവ്വഹിച്ചിരിക്കുന്നു. പൊതുമാർക്കറ്റിൽ ഫ്രെയിമും ഡോറും ഉൾപ്പെടെ ₹2,000/-ന് ഫിറ്റ് ചെയ്ത് തരുന്ന ഇനമാണിത്. എന്നാൽ ഫ്രെയിമിനും ഡോറിനും ഇനം 19, 20 എന്നിവ പ്രകാരം പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റുകൾ തയ്യാറാക്കി യഥാക്രമം ₹4,309/-, ₹7,735/- എന്നിങ്ങനെ ആകെ ₹12,044/- അനുവദിച്ചിരിക്കുന്നു. നിർവ്വഹണ ഏജൻസിയുടെ യാതൊരു തനത് സാങ്കേതിക വിദ്യയും ആവശ്യമില്ലാത്ത ഈ ഇനത്തിലെ നിരക്കിന്റെ അപാകത പോലും കണ്ടെത്താൻ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥന് സാധിച്ചില്ല.

Ii. അളവ് ബുക്ക് പ്രകാരം 75x53mm PVC Door Frame 6.30 M നീളത്തിൽ ഘടിപ്പിച്ചിരിക്കുന്നു. പരിശോധനയിൽ 40x50 Mm PVC Door Frame 5.32 M നീളത്തിൽ മാത്രമാണ് ഉള്ളതെന്ന് ബോദ്ധ്യപ്പെട്ടു. കൂടാതെ അളവ് ബുക്കിൽ Door Shutters-ന്റെ അളവ് 0.75x2.4 മീ അണ്. എന്നാൽ യഥാർത്ഥത്തിൽ ഇത് 0.65x2.0 മീറ്റർ മാത്രമാണുള്ളത്. അധികം നൽകിയ ₹10,044/-യുടെ ചെലവ് അംഗീകരിക്കാനാവുന്നതല്ല.

4 കെട്ടിടത്തിന് ബലക്ഷയം
നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിന്റെ ഒരു ഭാഗം ബലക്ഷയം മൂലം താഴ്ന്ന് പോയിട്ടുള്ളതായി കണ്ടു.

5 ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവയയ്ക്കായി അധിക തുക നൽകിയിരിക്കുന്നു
എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയാണ്. Basic Approach And General Condition And Assumption For Preparation Of Standard Data Book ഇനം 4 പ്രകാരം നികുതികൾ ഒടുക്കുന്നതിനാണ് ഓവർഹെഡ് ചാർജ്ജ് നൽകുന്നത്. ആയതിനാൽ ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ നിർവ്വഹണ ഏജൻസിയുടെ വിഹിതത്തിൽ നിന്ന് കുറവ് ചെയ്താണ് ഗ്രാമ പഞ്ചായത്ത് ഒടുക്കേണ്ടത്. എന്നാൽ ബിൽ തയ്യാറാക്കിയപ്പോൾ ആകെ പ്രവർത്തി മൂല്യത്തിന്റെ കൂടെ സെന്റേജ് ചാർജ്ജുകൂടി ഉൾപ്പെടുത്തി ആ തുകയുടെ ഒരു ശതമാനം തുകയായ ₹5,710/- നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിലും ₹12,904/- ആദായ നികുതിയിനത്തിലും

| | |
|---|---|
| | കൂട്ടിയതിന് ശേഷം ആകെ തുക ബിൽ തുകയായി പരിഗണിച്ച് ആയതിൽ നിന്നും ആദായനികുതിയും നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതവും ഒടുക്കിയിരിക്കുന്നു. ഫലത്തിൽ ഗ്രാമ പഞ്ചായത്താണ് ഓവർഹെഡ് ചാർജ് നൽകിയിട്ടും ഈ രണ്ടിനങ്ങളിലുള്ള ആകെ തുകയായ ₹18,614/- ഒടുക്കിയിരിക്കുന്നത്. ₹18,614/-യുടെ ചെലവ് അംഗീകരിക്കാനാവുന്നതല്ല. |
| 6 | ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ₹1,20,700/- മുൻകൂറായി നൽകിയതായി കാണിച്ചിരിക്കുന്നു. എന്നാൽ ഇത് സംബന്ധിച്ച് യാതൊരു രേഖയും ഫയലില്ല. ഓഡിറ്റ് അന്വേഷണം നം. 5/09.09.2021-ന് രേഖാമൂലം മറുപടി ലഭ്യമാക്കിയിട്ടില്ല. വാക്കാൽ നൽകിയ മറുപടിയിൽ പ്രസ്തുത തുക നൽകിയിട്ടില്ല എന്ന് അറിയിച്ചു. |
| 7 | അംഗീകാരം ലഭിച്ച പ്രോജക്ട് പ്രകാരം ടെണ്ടർ നടപടിയിലൂടെയായിരുന്നു പദ്ധതി നടപ്പാക്കേണ്ടത്. വളരെ അടിയന്തിരമായി പദ്ധതി നിർവ്വഹണം നടത്തണമെന്ന കാരണം കാണിച്ച് 28.01.2019-ലെ 1/3നമ്പർ പഞ്ചായത്ത് തീരുമാനപ്രകാരം സോഷ്യോ എക്കണോമിക് ഫൗണ്ടേഷൻ എന്ന അക്രഡിറ്റഡ് ഏജൻസിക്ക് ടെണ്ടർ കൂടാതെ നൽകാൻ തീരുമാനിച്ചു. വളരെ അടിയന്തരമായി നടപ്പാക്കേണ്ട പദ്ധതിയുടെ പൂർത്തീകരണത്തിന് എഗ്രിമെന്റ് പ്രകാരം ഒരുവർഷം സമയം അനുവദിച്ചു എന്നത് വിചിത്രമാണ്. മാത്രമല്ല അളവ് ബുക്ക് പ്രകാരം 11.03.2020-ൽ പ്രവൃത്തി പൂർത്തീകരിച്ചു എങ്കിലും നാളിതുവരെയായി യാതൊരു പ്രവർത്തനവും ഇവിടെ നടത്തിയിട്ടില്ല എന്നുള്ളതിൽ നിന്നും 'അടിയന്തിരം' പ്രസ്തുത ഏജൻസിക്കും അതുവഴി ഒരു പ്രത്യേക കരാറുകാരനും പ്രവൃത്തി നൽകുന്നതിന് വേണ്ടി മാത്രമായിരുന്നു എന്ന് വ്യക്തമാകുന്നതാണ്. |
| 8 | സെന്റേജ് ചാർജ്ജിനത്തിൽ അധിക തുക നൽകിയിരിക്കുന്നു<br>ക്രമ നം. 1, ക്രമ നം. 3 എന്നിവ പ്രകാരം അധികം നൽകിയിരിക്കുന്ന ₹28,796/- കുറവ് ചെയ്തതിന് ശേഷമുള്ള ₹4,99,888.74/- ക്കാണ് സെന്റേജ് ചാർജ്ജ് അനുവദിക്കാവുന്നത്.<br>വിശദമായി താഴെ ചേർക്കുന്നു. |

| ഇനം | നൽകിയ തുക ₹ | നൽകാവുന്ന തുക ₹ | അധികം ₹ |
|---|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 528684.74 | 499888.74 | |
| സെന്റേജ് ചാർജ്ജ് 8% | 42295 | 39991.10 | 2304 |
| ആകെ | 570979.70 | 539879.84 | 2304 |

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 5/09.09.2021-ന് മറുപടി ലഭ്യമാക്കിയില്ല. ക്രമ നം. 2 പ്രകാരമുള്ള ₹18,752/-യും ക്രമ നം. 3 പ്രകാരമുള്ള ₹10,044/-യും ക്രമ നം. 5 പ്രകാരമുള്ള ₹18,614/-യും ക്രമ നം. 8 പ്രകാരമുള്ള ₹2,304/- ഉൾപ്പെടെ ആകെ ₹49,714/-ചെലവ് അംഗീകരിക്കുന്നില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിക്കായി നൽകിയതിൽ നിരാകരിച്ചതൊഴിച്ചുള്ള ₹4,88,398/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കൂടാതെ പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച് ക്ഷമതയുള്ള സാങ്കേതിക വിദഗ്ദരുടെ സമഗ്രമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

## 1-22 പുതുക്കട സ്കൂൾ റൂഫിംഗ് അളവ് ബുക്ക് പ്രകാരമുള്ള ഇനത്തിൽ മാറ്റം

പുതുക്കട സ്കൂൾ റൂഫിംഗ് എന്ന പ്രവൃത്തിയിൽ അളവ് ബുക്ക് പ്രകാരമുള്ള ഇനത്തിൽ മാറ്റം വരുത്തിയാണ് യഥാർത്ഥത്തിൽ നടത്തിയിരിക്കുന്നത്.

| | |
|---|---|
| നിർവ്വഹണം | അസി. എഞ്ചിനീയർ |
| പ്രോജക്ട് നം. | 230/21 |
| അടങ്കൽ | ₹6,00,000/- |
| ബിൽ നം. | 20100852013800114698/28,04.20 ₹3,07,102/-<br>20100852013800861670/24.12.20 ₹1,92,898/- |
| കരാറുകാരൻ | ശ്രീ.ബിപിൻ ബേബി |
| അളവ് ബുക്ക് | 1120/AEE/UPA/19-20 |

പുതുക്കട പഞ്ചായത്ത് എൽ. പി. സ്കൂളിന് ഫ്ലോറിംഗ് നടത്തുക, ഫാൾ സീലിംഗ്, ഹാൻഡ് റയൽ പിടിപ്പിക്കുക, നിലവിലുള്ള അടുക്കളക്ക് റൂഫിംഗ് നടത്തുക എന്നീ ഇനങ്ങൾ ഉൾപ്പെട്ടതാണ് ഈ പ്രവൃത്തി.

പ്രവൃത്തിയിൽ പാർട്ട് 2-ൽ 5-ാം ഇനം, 0.45mm ഘനമുള്ള അലൂമിനിയം ട്രഫോർഡ് ഷീറ്റ് സ്ഥാപിക്കാനുള്ളതായിരുന്നു.

അളവ് ബുക്കിൽ പാർട്ട് 2-ൽ 5-ാം ഇനം, 0.45mm ഘനമുള്ള അലൂമിനിയം ട്രഫോർഡ് ഷീറ്റ് 72.57 സ്ക്വയർ മീറ്റർ സ്ഥാപിച്ചതിന് ₹650/- നിരക്കിൽ ₹47,170/- അനുവദിച്ചിരിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി. വിഭാഗത്തിലെ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് നടത്തിയ പരിശോധനയിൽ ആയത് 0.35mm ജി.ഐ.ഷീറ്റ് ആണെന്ന് കണ്ടെത്തി.

ഈ ഇനത്തിന് അനുവദിക്കാവുന്ന തുക 72.57x582.7 = ₹42,286/- മാത്രമായിരുന്നു. ₹4,884/- അധികമായി നൽകിയിരിക്കുന്നു. ഇതുസംബന്ധിച്ച് ഓഡിറ്റ് അന്വേഷണം 4/09.09.2021 നൽകിയിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക രസീത് നം. 121030100828/09.09.2021 പ്രകാരം ഒടുക്കിയിരിക്കുന്നു.

## 1-23 ജി എസ്.ടി കോമ്പൻസേഷൻ അനുവദിച്ചിരിക്കുന്നു. എന്നാൽ ഈടാക്കി ഒടുക്കിയിട്ടില്ല.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് 12% നിരക്കിൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചിരിക്കുന്നു. എന്നാൽ ആയതിൽ നിന്ന് 2% നിരക്കിൽ ജി. എസ്.ടി. ഈടാക്കി അടയ്ക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തികൾക്ക് കരാറുകാർ ജി.എസ്.ടി കോമ്പൻസേഷനായി നൽകിയ തുക അടയ്ക്കാതിരിക്കാനുള്ള സാധ്യത ഉണ്ട്.

| പ്രോജക്ടിന്റെ പേര്./നം. | എടത്തി പരമേശ്വരൻപടി എസ്.സി കോളനി റോഡ് കോൺക്രീറ്റിംഗ് 201/21 | സുന്ദർരാജ് കറുപ്പസ്വാമി റോഡ് കോൺക്രീറ്റിംഗ് 190/20 | കുട്ടക്കൽ അമ്പലപ്പടി 17 മുറി പടി റോഡ് കോൺക്രീറ്റിംഗ്.211/21 |
|---|---|---|---|
| അടങ്കൽ ₹ | ₹190000 | ₹184000 | ₹184000 |
| ബിൽ നം | 20100852013800028570/ 11.04.20 ₹1588261/-/- | 20100852013800028574/ 11.04.20 ₹183446/- | 20100852013800028572/ 11.04.20 ₹183171/- |
| കരാറുകാരൻ | ശ്രീ.ഇ.ടി വർഗീസ് | ശ്രീ.ജയേഷ് കെ നായർ | ശ്രീ.ജയേഷ് കുമാർ |
| അളവ് ബുക്ക് | 826/19-20 | 822/19-20 | 821/19-20 |
| ബിൽ തയ്യാറാക്കി | ആകെ പ്രവൃത്തിമൂല്യം - ₹141809.04 | ആകെ പ്രവൃത്തിമൂല്യം ₹163791.10 | ആകെ പ്രവൃത്തിമൂല്യം - |

| | | | |
|---|---|---|---|
| നൽകിയതിന്റെ വിവരങ്ങൾ | (+)ജി.എസ്.ടി 12% - ₹17017.08<br>ആകെ -₹158826.13<br>(-)തൊഴിലാളി ക്ഷേമനിധി 1%-₹1588<br>(-)ആദായനികുതി 1% - ₹ 1588<br>കരാറുകാരന് നൽകിയിരിക്കുനന്ന തുക - ₹155650/- | (+)ജി.എസ്.ടി 12% -₹19654.93<br>ആകെ - ₹183446.03<br>-)തൊഴിലാളി ക്ഷേമനിധി 1%-₹1834<br>(-)ആദായനികുതി 1% - ₹ 1834<br>കരാറുകാരന് നൽകിയിരിക്കുന്ന തുക - ₹179778/- | ₹163561.47<br>(+)ജി.എസ്.ടി 12% -₹19625.41<br>ആകെ - ₹183170.52<br>(-)തൊഴിലാളി ക്ഷേമനിധി 1%- - ₹1832<br>(-)ആദായനികുതി 1%- ₹1832 -<br>കരാറുകാരന് നൽകിയിരിക്കുന്ന തുക - ₹179506/- |
| റിമാർക്സ്. | ജി എസ് ടി ഇനത്തിൽ ₹ 2836/ സോഴ്സ് ഡിഡക്ഷൻ നടത്തി ഒടുക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയായിരുന്നു. ആയത് ഈടാക്കാതെ 12% ജി എസ് ടി ഉൾപ്പെടെ കരാറുകാരന് നൽകിയിരിക്കുന്നു. | ജി എസ് ടി ഇനത്തിൽ ₹ 3275.82/- സോഴ്സ് ഡിഡക്ഷൻ നടത്തി ഒടുക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയായിരുന്നു. ആയത് ഈടാക്കാതെ 12% ജി എസ് ടി ഉൾപ്പെടെ കരാറുകാരന് നൽകിയിരിക്കുന്നു. | ജി എസ് ടി ഇനത്തിൽ ₹ 3272/-സോഴ്സ് ഡിഡക്ഷൻ നടത്തി ഒടുക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയായിരുന്നു. ആയത് ഈടാക്കാതെ 12% ജി എസ് ടി ഉൾപ്പെടെ കരാറുകാരന് നൽകിയിരിക്കുന്നു. |

ഇതുസംബന്ധിച്ച് ഓഡിറ്റ് അന്വേഷണകുറിപ്പ് 7/13.09.2021 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കരാറുകാരൻ ഈ പ്രവൃത്തികളുടെ ജി.എസ്.ടി അടച്ചതിന്റെ രേഖകൾ ഹാജരാക്കുകയോ കരാറുകാരനിൽ നിന്ന് ജി.എസ്.ടി കോമ്പൻസേഷൻ ഇനത്തിൽ അധികമായി നൽകിയ തുകകൾ തിരികെ ഈടാക്കി ജി.എസ്.ടി വകുപ്പിൽ ഒടുക്കുകയോ ചെയ്യേണ്ടതാണ്.

1-24 ലൈഫ് ഭവന പദ്ധതി- അടിസ്ഥാന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

തൻവർഷം ലൈഫ് ഭവന പദ്ധതിക്കായി വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിച്ച തുകകളുടെ വിനിയോഗ വിശദാംശങ്ങൾ വിവരം താഴെ നൽകുന്നു.

| ഫണ്ടിനം | അടങ്കൽ | ബിൽ നം./തീയതി/തുക(₹) | | ആകെ(₹) |
|---|---|---|---|---|
| പ്ലാൻ ഫണ്ട് (പൊതു വിഭാഗം) | 3040670 | 2100852007900197734/ 26.05.20 480000<br>2100852007900197736/ 26.05.20 480000 | | 960000 |
| ഹഡ്കോ വായ്പ | 20000000 | 226/31.12.20 | 3420000 | 32510000 |
| | | 257/02.02.21 | 2620000 | |
| | | 258/02.02.21 | 2780000 | |
| | | 259/02.02.21 | 480000 | |
| | | 260/02.02.21 | 3140000 | |
| | | 269/15.02.21 | 620000 | |
| | | 272/17.02.21 | 3110000 | |
| | | 273/17.02.21 | 4000000 | |
| | | 274/17.02.21 | 1920000 | |
| | | 275/17.02.21 | 440000 | |
| | | 311/08.03.21 | 2780000 | |
| | | 332/12.03.21 | 4520000 | |
| | | 343/15.03.21 | 1280000 | |
| | | 370/25.03.21 | 520000 | |
| | | 390/29.03.21 | 300000 | |
| | | 395/29.03.21 | 580000 | |
| സംസ്ഥാന വിഹിതം | 40860000 | 312/08.03.21 | 440000 | 19850000 |
| | | 313/08.03.21 | 1330000 | |
| | | 314/08.03.21 | 2140000 | |
| | | 318/10.03.21 | 3060000 | |
| | | 319/10.03.21 | 1020000 | |
| | | 320/10.03.21 | 2640000 | |
| | | 326/12.03.21 | 1880000 | |
| | | 327/12.03.21 | 1300000 | |
| | | 333/12.03.21 | 1400000 | |
| | | 334/12.03.21 | 160000 | |
| | | 340/15.03.21 | 4020000 | |
| | | 344/15.03.21 | 460000 | |
| ആകെ | 73900670 | | | 53320000 |

പുരോഗതി വിശകലനം

നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ കണക്കുകൾ പ്രകാരം, നാളിതുവരെ പ്രസ്തുത പദ്ധതിയിലൂടെ ധനസഹായം അനുവദിക്കപ്പെട്ട ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പുരോഗതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

LIFE 2-ാം ഘട്ടം ( ഭവന രഹിത പുനരധിവാസം )

| ഇനം | പൊതു വിഭാഗം | എസ്.സി | എസ്.റ്റി | ആകെ |
|---|---|---|---|---|
| കരാർ വച്ചത് | 702 | 67 | 38 | 807 |
| പണി തുടങ്ങാത്തത് | 19 | 0 | 1 | 20 |
| പണി തീർന്നത് | 504 | 50 | 29 | 583 |
| തറ തീർന്നത് | 38 | 3 | 1 | 42 |
| ലിന്റൽ തീർന്നത് | 40 | 0 | 3 | 43 |
| മേൽക്കൂര തീർന്നത് | 101 | 14 | 4 | 119 |

LIFE 3-ാം ഘട്ടം ( ഭൂരഹിത-ഭവന രഹിത പുനരധിവാസം )

| ഇനം | പൊതു വിഭാഗം | എസ്.സി | എസ്.റ്റി | ആകെ |
|---|---|---|---|---|
| കരാർ വച്ചത് | 47 | 7 | 0 | 54 |
| പണി തുടങ്ങാത്തത് | 2 | 1 | 0 | 3 |
| പണി തീർന്നത് | 14 | 1 | 0 | 15 |
| തറ തീർന്നത് | 6 | 1 | 0 | 7 |
| ലിന്റൽ തീർന്നത് | 11 | 3 | 0 | 14 |
| മേൽക്കൂര തീർന്നത് | 14 | 1 | 0 | 15 |

LIFE-ന്റെ രണ്ട്, മൂന്ന് ഘട്ടങ്ങളിലെ 861 ഗുണഭോക്താക്കൾക്ക് വിവിധ നിർമാണ ഘട്ടങ്ങൾക്ക് ആനുപാതികമായി ധനസഹായമനുവദിച്ചെങ്കിലും ട്രഷറിയിൽ സമർപ്പിച്ച, മുകളിൽ സൂചിപ്പിക്കുന്ന ബില്ലുകളുടെ പകർപ്പ് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. പദ്ധതി ധനസഹായം 05 ഘട്ടങ്ങളിലായാണ് അനുവദിക്കുന്നത്. അവയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | അനുവദിക്കുന്ന തുക ₹ | സബ്സിഡിയുടെ ശതമാനം |
|---|---|---|
| കരാർ ചമയ്ക്കുമ്പോൾ | 40000 | 10 % |
| തറയുടെ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ | 160000 | 40 % |
| കട്ടിള നിരപ്പെത്തുമ്പോൾ | 100000 | 25 % |
| മേൽക്കൂര നിർമ്മാണം പൂർത്തീകരിക്കുമ്പോൾ | 60000 | 15 % |
| എല്ലാ അർത്ഥത്തിലും നിർമാണം പൂർത്തീകരിക്കുമ്പോൾ | 40000 | 10 % |
| ആകെ സബ്സിഡി | 400000 | 100 % |

ധനസഹായത്തിന്റെ വിവിധ ഗഡുക്കൾ ട്രഷറിയിൽ നിന്ന് അതത് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യുകയാണ് ഉണ്ടായിട്ടുള്ളത്. അർഹതാ സാക്ഷ്യപത്രങ്ങൾ, കരാർ, ബാങ്ക് പാസ്സ് ബുക്കിൽ സബ്സിഡി തുകൾ ക്രെഡിറ്റ് ചെയ്യതിന്റെ പകർപ്പുകൾ, സ്റ്റേജ് സർട്ടിഫിക്കറ്റുകൾ (വാർഡ് അംഗങ്ങൾ, നിർവഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ), ഓരോ ഘട്ട നിർമാണ പുരോഗതിയുടെയും ഫോട്ടോകൾ, തുടങ്ങിയ അടിസ്ഥാന രേഖകളടങ്ങിയ വ്യക്തിഗത ഫയലുകളുടെ അഭാവത്തിൽ, നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ചിട്ടുള്ള കണക്കുകളുടെ ആധികാരികത ഉറപ്പ് വരുത്താനായില്ല. ബൃഹദ് ഭവന നിർമാണ പദ്ധതിയുടെ ഭീമമായ സബ്സിഡി തുക രേഖകളുടെ പിൻബലമില്ലാതെ വിതരണം ചെയ്ത നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടി ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നതിനാൽ തൻവർഷത്തെ ചെലവ് തുക ₹5,33,20,000/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം].

ഇല്ല.

## ഭാഗം -3

### 3-1 ഉറുമ്പൂർമൂഴി മോഡൽ മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണം | അസി. എഞ്ചിനീയർ |
| പ്രോജക്ട് നം | 58/20, 240/21 |
| അടങ്കൽ | ₹8,00,000/- |
| ബിൽ നം. | 201002013800712397/20.05.2020 ₹5,38,112/- |
| നിർവ്വഹണ ഏജൻസി | സോഷ്യോ എക്കണോമിക് ഫൗണ്ടേഷൻ, കോട്ടയം |
| അളവ് ബുക്ക് | 1114/AEE/UPA/19-20<br>1113/AEE/UPA/19-20 |

പത്ത് ബിന്നുകൾ ഉൾപ്പെടുന്ന എയറോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ളതാണ് പദ്ധതി. 2018-19 വർഷം അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ എക്കണോമിക് ഫൗണ്ടേഷൻ തന്നെ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് തൻവർഷം തന്നെ കരാർ തയ്യാറാക്കി പദ്ധതി

നിർവ്വഹണത്തിന് ഏൽപ്പിച്ചിരിക്കുന്നത്. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1 ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുക എന്ന സർക്കാർ നയത്തെ ഒരുതരത്തിലും ന്യായീകരിക്കുന്നതല്ല ഈ പദ്ധതി ഗാർഹിക/ഗാർഹികേതര ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുക എന്ന സർക്കാരിന്റെ പൊതുനയത്തിന് വിരുദ്ധമായി മാലിന്യങ്ങൾ പഞ്ചായത്ത് തലത്തിൽ ശേഖരിച്ച് സംസ്കരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പാക്കിയിരിക്കുന്നത്.

2 ജി.ഐ ഷീറ്റ് ഇനത്തിൽ മാറ്റം

അളവ് ബുക്കിൽ പാർട്ട് ബി ഇനം 4 പ്രകാരം ഡി.എസ്.ആർ. കോഡ് 12.50 രേഖപ്പെടുത്തി ജി.ഐ. കൊറുഗേറ്റഡ് ഷീറ്റ് 79.06 Sq.Mtr സ്ഥാപിച്ചിരിക്കുന്നു. ഇതിന്റെ ഘനം എസ്റ്റിമേറ്റിലോ അളവ് ബുക്കിലോ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഡി.എസ്.ആർ കോഡ് 12.50 എന്നത് 0.50mm ജി.ഐ. കൊറുഗേറ്റഡ് ഷീറ്റ് സ്ഥാപിക്കുന്നതിനുള്ളതാണ്. എൽ.എസ്.ജി.ഡി. ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് നടത്തിയ പരിശോധനയിൽ 0.50mm ജി.ഐ. കൊറുഗേറ്റഡ് ഷീറ്റിന് പകരം 0.35mm G.I. ട്രഫോഡ് ഷീറ്റാണ് സ്ഥാപിച്ചിരിക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടു. അളവ് ബുക്കിൽ കൊറുഗേറ്റഡ് ഷീറ്റ് എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

2018-ലെ 54.9%കോസ്റ്റ് ഇൻഡക്സും C.P.-യില്ലാതെയും 7.5 Overhead Charge നൽകിയും ഈ ഇനത്തിന് ₹796.99/ചതുരശ്രമീറ്റർ നിരക്കാണ് അനുവദിച്ചിരിക്കുന്നത്.

2020-21ൽ നടത്തിയ ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് അധിക സൗകര്യങ്ങൾ എന്ന പ്രവൃത്തിയിലെ ഇനം 10-ന് ഒബ്സേർവ്ഡ് ഡേറ്റാ പ്രകാരം 0.35mm G.I. ട്രഫോഡ് ഷീറ്റിന് കോസ്റ്റ് ഇൻഡക്സ് 48.71, C.P.-7.5%, Overhead Charge.-7.5% എന്നിവ ഉൾപ്പെടെ കണക്കാക്കിയ നിരക്ക് ₹582.7 ചതുരശ്രമീറ്റർ ആണ്.ഈ നിരക്കിനെ അടിസ്ഥാനമാക്കി 54.9% കോസ്റ്റ് ഇൻഡക്സും C.P.-യില്ലാതെയും 7.5 Overhead Charge നൽകിയും ഈ ഇനത്തിന് അനുവദിക്കാവുന്ന നിരക്ക് ചതുരശ്രമീറ്ററിന് താഴെ കണക്കാക്കിയിരിക്കും പ്രകാരം ₹544.70 മാത്രമാണ്.

| | |
|---|---|
| കോസ്റ്റ് ഇൻഡക്സ്, C.P, Overhead Charge ഉൾപ്പെടെ | ₹582.7 |
| കോസ്റ്റ് ഇൻഡക്സ് 48.71%ഒഴിവാക്കിയുള്ള തുക | 582.7/1.4871=391.84 |
| C.P.+Over Head Charge 15% ഒഴിവാക്കിയുള്ള തുക | 391.84/1.15=340.73. |

| | |
|---|---|
| അടിസ്ഥാന നിരക്ക് | ₹340.73 |
| (+)ഓവർഹെഡ് ചാർജ്ജ് 7.5% | ₹25.55 |
| ആകെ | ₹366.28 |
| (+)കോസ്റ്റ് ഇൻഡക്സ് | ₹201.09 |
| ആകെ | ₹567.37 |

| ഈ ഈനത്തിന് അനുവദിക്കാവുന്ന തുക | അനുവദിച്ച തുക ₹ | അധികം ₹ |
|---|---|---|
| 79.06 X 567.37=₹444856.27 | 63607.77 | 18751.50 |

3 PVC ഡോറിന് മാർക്കറ്റിൽ ലഭിക്കുന്നതിനേക്കാൾ ആറ് ഇരട്ടിയിൽ അധികം നിരക്ക്

I. മാർക്കറ്റിൽ കുറഞ്ഞവിലയ്ക്ക് ലഭിക്കുന്ന PVC ഡോറിന് ഡി.എസ്.ആർ നിരക്കിൽ നിർവ്വഹണ ഏജൻസി തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കി പാർട്ട്-എ ഇനം-19 പ്രകാരം നിർവ്വഹിച്ചിരിക്കുന്നു. പൊതുമാർക്കറ്റിൽ ഫ്രെയിമും ഡോറും ഉൾപ്പെടെ ₹2,000/-ന് ഫിറ്റ് ചെയ്ത് തരുന്ന ഇനമാണിത്. എന്നാൽ ഫ്രെയിമിനും ഡോറിനും ഇനം 19, 20 എന്നിവ പ്രകാരം പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റുകൾ തയ്യാറാക്കി യഥാക്രമം ₹4,309/-, ₹7,735/- എന്നിങ്ങനെ ആകെ ₹12,044/- അനുവദിച്ചിരിക്കുന്നു. നിർവ്വഹണ ഏജൻസിയുടെ യാതൊരു തനത് സാങ്കേതിക വിദ്യയും ആവശ്യമില്ലാത്ത ഈ ഇനത്തിലെ നിരക്കിന്റെ അപാകത പോലും കണ്ടെത്താൻ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥന് സാധിച്ചില്ല.

Ii. അളവ് ബുക്ക് പ്രകാരം 75x53mm PVC Door Frame 6.30 M നീളത്തിൽ ഘടിപ്പിച്ചിരിക്കുന്നു. പരിശോധനയിൽ 40x50 Mm PVC Door Frame 5.32 M നീളത്തിൽ മാത്രമാണ് ഉള്ളതെന്ന് ബോദ്ധ്യപ്പെട്ടു. കൂടാതെ അളവ് ബുക്കിൽ Door Shutters-ന്റെ അളവ് 0.75x2.4മീ അണ് . എന്നാൽ യഥാർത്ഥത്തിൽ ഇത് 0.65x2.0 മീറ്റർ മാത്രമാണുള്ളത്. അധികം നൽകിയ ₹10,044/-യുടെ ചെലവ് അംഗീകരിക്കാനാവുന്നതല്ല.

4 കെട്ടിടത്തിന് ബലക്ഷയം

നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിന്റെ ഒരു ഭാഗം ബലക്ഷയം മൂലം താഴ്ന്ന് പോയിട്ടുള്ളതായി കണ്ടു.

5 ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവയ്ക്കായി അധിക തുക നൽകിയിരിക്കുന്നു

എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയാണ്. Basic Approach And General Condition And Assumption For Preparation Of Standard Data Book ഇനം 4 പ്രകാരം നികുതികൾ ഒടുക്കുന്നതിനാണ് ഓവർഹെഡ് ചാർജ്ജ് നൽകുന്നത്. ആയതിനാൽ ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ നിർവ്വഹണ ഏജൻസിയുടെ വിഹിതത്തിൽ നിന്ന് കുറവ് ചെയ്താണ് ഗ്രാമ പഞ്ചായത്ത് ഒടുക്കേണ്ടത്. എന്നാൽ ബിൽ തയ്യാറാക്കിയപ്പോൾ ആകെ പ്രവർത്തി മൂല്യത്തിന്റെ കൂടെ സെന്റേജ് ചാർജ്ജുകൂടി ഉൾപ്പെടുത്തി ആ തുകയുടെ ഒരു ശതമാനം തുകയായ ₹5,710/- നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിലും ₹12,904/- ആദായ നികുതിയിനത്തിലും കൂട്ടിയതിന് ശേഷം ആകെ തുക ബിൽ തുകയായി പരിഗണിച്ച് ആയതിൽ നിന്നും ആദായനികുതിയും നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതവും ഒടുക്കിയിരിക്കുന്നു. ഫലത്തിൽ ഗ്രാമ പഞ്ചായത്താണ് ഓവർഹെഡ് ചാർജ് നൽകിയിട്ടും ഈ രണ്ടിനങ്ങളിലുള്ള ആകെ തുകയായ ₹18,614/- ഒടുക്കിയിരിക്കുന്നത്. ₹18,614/-യുടെ ചെലവ് അംഗീകരിക്കാനാവുന്നതല്ല.

6 ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ₹1,20,700/- മുൻകൂറായി നൽകിയതായി കാണിച്ചിരിക്കുന്നു. എന്നാൽ ഇത് സംബന്ധിച്ച് യാതൊരു രേഖയും ഫയലില്ല. പ്രസ്തുത തുക നൽകിയിട്ടില്ല എന്ന് വാക്കാൽ അറിയിച്ചു.

7 അംഗീകാരം ലഭിച്ച പ്രോജക്റ്റ് പ്രകാരം ടെണ്ടർ നടപടിയിലൂടെയായിരുന്നു പദ്ധതി നടപ്പാക്കേണ്ടത്. വളരെ അടിയന്തിരമായി പദ്ധതി നിർവ്വഹണം നടത്തണമെന്ന കാരണം കാണിച്ച് 28.01.2019-ലെ 1/3നമ്പർ പഞ്ചായത്ത് തീരുമാനപ്രകാരം സോഷ്യോ എക്കണോമിക് ഫൗണ്ടേഷൻ എന്ന അക്രഡിറ്റഡ് ഏജൻസിക്ക് ടെണ്ടർ കൂടാതെ നൽകാൻ തീരുമാനിച്ചു. വളരെ അടിയന്തരമായി നടപ്പാക്കേണ്ട പദ്ധതിയുടെ പൂർത്തീകരണത്തിന് എഗ്രിമെന്റ് പ്രകാരം ഒരുവർഷം സമയം അനുവദിച്ചു എന്നത് വിചിത്രമാണ്. മാത്രമല്ല അളവ് ബുക്ക് പ്രകാരം 11.03.2020-ൽ പ്രവൃത്തി പൂർത്തീകരിച്ചു എങ്കിലും നാളിതുവരെയായി യാതൊരു പ്രവർത്തനവും ഇവിടെ നടത്തിയിട്ടില്ല എന്നുള്ളതിൽ നിന്നും 'അടിയന്തിരം' പ്രസ്തുത ഏജൻസിക്കും അതുവഴി ഒരു പ്രത്യേക കരാറുകാരനും പ്രവൃത്തി നൽകുന്നതിന് വേണ്ടി മാത്രമായിരുന്നു എന്ന് വ്യക്തമാക്കുന്നതാണ്.

8 സെന്റേജ് ചാർജ്ജിനത്തിൽ അധിക തുക നൽകിയിരിക്കുന്നു

ക്രമ നം. 1, ക്രമ നം. 3 എന്നിവ പ്രകാരം അധികം നൽകിയിരിക്കുന്ന ₹28,796/- കുറവ് ചെയ്തതിന് ശേഷമുള്ള ₹4,99,888.74/- ക്കാണ് സെന്റേജ് ചാർജ്ജ് അനുവദിക്കാവുന്നത്.

വിശദമായി താഴെ ചേർക്കുന്നു.

| ഇനം | നൽകിയ തുക ₹ | നൽകാവുന്ന തുക ₹ | അധികം ₹ |
|---|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 528684.74 | 499888.74 | |
| സെന്റേജ് ചാർജ്ജ് 8% | 42295 | 39991.10 | 2304 |

| | | | |
|---|---|---|---|
| ആകെ | 570979.70 | 539879.84 | 2304 |

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 5/09.09.2021-ന് മറുപടി ലഭ്യമാക്കിയില്ല. ക്രമ നം. 1 പ്രകാരമുള്ള ₹18,752/-യും ക്രമ നം. 3 പ്രകാരമുള്ള ₹10,044/-യും ക്രമ നം. 4 പ്രകാരമുള്ള ₹18,614/-യും ക്രമ നം. 8 പ്രകാരമുള്ള ₹2,304/-യും ഉൾപ്പെടെ ആകെ ₹49,714/-ചെലവ് അംഗീകരിക്കുന്നില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിക്കായി നൽകിയതിൽ നിരാകരിച്ചതൊഴിച്ചുള്ള ₹4,88,398/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കൂടാതെ പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച് ക്ഷമതയുള്ള സാങ്കേതിക വിദഗ്ദരുടെ സമഗ്രമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.







3-2 ടാറിംഗ് പ്രവൃത്തികൾ- കാലി വീപ്പ വില ഈടാക്കിയില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് 2016-ലെ ഡെൽഹി ഷെഡ്യൂൾ നിരക്ക് അടിസ്ഥാനമാക്കി പ്രൈസ് (PRICE) സോഫ്റ്റ് വെയറിലാണ്. ഇതിൽ തയ്യാറാക്കിയിരിക്കുന്ന താഴെ സൂചിപ്പിക്കുന്ന ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ Packed Bitumin-ന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. ആകയാൽ ഇത്തരം പ്രവൃത്തികളിൽ കാലിവീപ്പയുടെ മൂല്യം ഫൈനൽബില്ലിൽ നിന്ന് കുറവ് ചെയ്യാൻ സർക്കാർ നിർദ്ദേശമുള്ളതാണ്. എന്നാൽ ചുവടെ ചേർക്കുന്ന റീ-ടാറിംഗ് പ്രോജക്ടിന്റെ ബില്ലിൽനിന്ന് പ്രസ്തുത തുക ഈടാക്കിയില്ല.

| | | |
|---|---|---|
| പ്രോജക്ട് നം., പേര് | 199/21 , വെള്ളപ്പതാൽ-കാപ്പിപ്പതാൽ റോഡ് മെയിന്റനൻസ് | കാക്കത്തോട് റോഡ് വാർഡ് V 209/21 |
| അടങ്കൽ തുക ₹ | 500000 (റോഡ് മെയിന്റനൻസ് ഗ്രാന്റ് ) | 500000 (റോഡ് മെയിന്റനൻസ് ഗ്രാന്റ് ) |
| കരാറുകാരൻ | ശ്രീ. സാബു ജോസഫ് | ശ്രീ. സാബു പി.ജി |
| അളവു പുസ്തകം | 1100/19-20 | 1098/19-20 |
| ആകെ ബിൽ തുക ₹ | 493080/- (BRN- 2010085201380038691/ 11.04.20) | 492383 (BRN- 2010085201380038690 /11.04.20) |
| RS1 ബിറ്റുമിൻ അളവു പുസ്തകപ്രകാരം പ്രവൃത്തിക്ക് ഉപയോഗിച്ച ബിറ്റുമിന്റെ അളവ് (കി.ഗ്രാം )/വീപ്പകളുടെ എണ്ണം | 219 കി. ഗ്രാം 219/182=1.2 അതായത് 1 | 319.47.കി. ഗ്രാം 329.47/182=1.81 അതായത് 2 |
| ബിറ്റുമിന്റെ ഇനം S-65ഉപയോഗിച്ച അളവ് (കി.ഗ്രാം )/ വീപ്പകളുടെ എണ്ണം | 2258.23 2258.23/156=14.47 അതായത് 15 | 3419.41കി.ഗ്രാം 3419.41/156=21.91 അതായത് 22 |

ഒരു കാലിവീപ്പയുടെ മൂല്യം = ₹238/- + 18% GST

കരാറുകാരനിൽനിന്ന് ഈടാക്കേണ്ട 40 (16+24)വീപ്പകളുടെ മൂല്യം =40x 238 = ₹9520/-

ബാധകമായ GST = (238 X 18% ) X 40 =₹1713.6/-

ആകെ = ₹11233.6/- . അതായത്₹11234 /-

തുക ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8/തീ.15.09.2021 ) മറുപടി ലഭ്യമാക്കിയില്ല.

ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ ജി.ഒ(പി) നം. 177/2006 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 10, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30.10.2007-ലെ 59827/FM/07 നമ്പർ സർക്കുലർ എന്നിവ പ്രകാരം കാലിവീപ്പകളുടെ മൂല്യമായി ഈടാക്കുന്ന തുകകൾ പ്രോജക്ടിനുവേണ്ടി വകയിരുത്തിയ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. പ്രസ്തുത പ്രോജക്ടിനുവേണ്ടി മെയിന്റനൻസ് ഗ്രാന്റ് (റോഡ്) വിനിയോഗിച്ചിട്ടുള്ളതിനാൽ ശീർഷകമായ 3054-911-Deduct Recoveries Of Overpayments-ലേക്ക് പ്രസ്തുത തുക തിരികെ ഒടുക്കേണ്ടിയിരുന്നു. കാലിവീപ്പകളുടെ മൂല്യം ₹11,234/- കരാറുകാരനിൽ നിന്നോ, ബില്ലിൽനിന്ന് ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ അസി. എൻജിനിയറിൽ നിന്നോ ഈടാക്കി മേൽ പരാമർശിച്ച കണക്ക് ശീർഷകത്തിലും GST തുക അതിന്റെ ശീർഷകത്തിലും സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

## ഭാഗം -4

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | |

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 301310 | പാലിയേറ്റീവ് കെയർ (185/21) | 301310 | 0 |
| | 200000 | SC പെൺകുട്ടികൾക്ക് പഠന മുറി (300/21) | 200000 | 0 |
| | 72000 | ശാരിരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (24/21) | 72000 | 0 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കേരള ഭൂജല വകുപ്പ് | കുഴൽ കിണർ നിർമ്മാണം (298/21) | 20100852012901219879 തീ.10.03.2021 | 184670 | 0 | 184670 |

കുഴൽ കിണർ നിർമ്മാണം നടക്കാത്ത സ്ഥിതിയ്ക്ക് പ്രസ്തുത തുക മുൻകൂറായിട്ടാണ് കണക്കിൽ ചേർക്കേണ്ടിയിരുന്നത്. എന്നാൽ ആയത് ചെലവായി രേഖപ്പെടുത്തിയതിനാൽ ഷെഡ്യൂൾ 18-ൽ Advance To Implementing Agencies എന്ന ഹെഡിൽ ഉൾപ്പെട്ടിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

- ഇല്ല -

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | വായ്പ വരവ് തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | സ.ഉ.(സാധാ) 293336/ ഡിബി/1/ 510/ ത.സ്വ.ഭ.വ തീ.23.09.14 | 18000000 | 10140000 | 0 | 1800000 | 601911 | 8340000 |
| ലൈഫ് ഭവന പദ്ധതി | സ.ഉ. (സാധാ) 68/18/LSGD തീ.18.5.18 | 57760000 | 129265294 | 45870000 | 13233081 | 0 | 161902213 |

4-6 സ്ഥിര നിക്ഷേപം

- ഇല്ല -

4-7 ഓഡിറ്റ് റിക്കവറി

2020-21 സാമ്പത്തിക വർഷം ഓഡിറ്റ് റിക്കവറിയായി ലഭിച്ച ₹25,266/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയതി |
|---|---|---|---|---|
| 2016-17 | 2-1 | 4211 | ശ്രീമതി.ഷീബ സത്യൻ, മെമ്പർ | 120030101458/ 16.11.2020 |
| 2016-17 | 2-1 | 4211 | ശ്രീമതി. ജെസി ചിന്നദുരൈ, മെമ്പർ | 120030101471/ 17.11.2020 |
| 2016-17 | 2-1 | 4211 | ശ്രീമതി.ഷീല രാജൻ, മെമ്പർ | 120030101509/ 17.11.2020 |
| 2016-17 | 2-1 | 4211 | ശ്രീ.കെ സത്യൻ, മെമ്പർ | 120030101524/ 17.11.2020 |

| | | | | |
|---|---|---|---|---|
| 2016-17 | 2-1 | 4211 | ശ്രീമതി.പ്രമീള രാഘവൻ, മെമ്പർ | 120030101525/ 17.11.2020 |
| 2016-17 | 2-1 | 4211 | ശ്രീ.സജിമോൻ ടൈറ്റസ്, മെമ്പർ | 120030101549/ 18.11.2020 |
| ആകെ | | 25266 | | |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 2-1 | 2006-07 | 3.35.3 | നിയമപരമായ രജിസ്റ്ററുകൾ എഴുതുന്നില്ല | തുടരുന്നു |
| 2006-07 | 3(3) | 2009-10 | 2(8) | നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് ₹3,14,800/- | തുടരുന്നു |
| 2014-15 | 2-9 | 2016-17 | അനുബന്ധം 3 | വസ്തുനികുതി അപാകതകൾ | തുടരുന്നു |
| 2015-16 | 2-10 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | തുടരുന്നു |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക ₹ (രസീത് നമ്പർ/ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപന ത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തി യിട്ടുണ്ടോ? | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക ₹ (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1998-99 | 21എ | കെ. എൻ. അശോകൻ സെക്രട്ടറി | LF.7513/ SplCell/ SC2/02 Dt.01.03.03 | 110 | - | ഇല്ല | - | - | - | - | 110 | - |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗികസ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2000-01 | 29 | കെ.എൻ അശോകൻ | LF.20351/ SplCell/ | 2056 | - | - | - | - | - | 2056 | - |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | സെക്രട്ടറി | SC2/04 Dt. 30.11.05 | | | | | | | | |
| 2 | 2003-04 | 3-6 | ചന്ദ്രശേഖരൻ എ.ഇ. | LF-9186 Spl.Cell/ SC2/2007 Dated. 17.02.10 | 8264 | - | - | - | - | - | 8264 | - |
| 3 | 2005-06 | 3-4, 3-5 | മുഹമ്മദ് കുഞ്ഞ് | LF21419 Spl.Cell/ SC2/2009 Dated. 04.03.10 | 19376 | - | - | - | - | - | 19376 | - |
| 4 | 2010-11 | 3-8 | ദാനിയേൽ മാത്യു | LF-6984 Spl.Cell/ SC2/2013 Dated. 13.03.14 | 14000 | - | - | - | - | - | 14000 | - |
| 5 | 2014-15 | 3-3 | ഡോ. ബി. രഘുനാഥ് വെറ്ററിനറി സർജൻ | KSA-9746 Spl.Cell/ CSC/C1/2016 Dated. 14.2.2020 | 17500 | - | - | - | - | - | 17500 | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹59829259 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹219556927 |
| ആകെ | ₹279386186 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹235011823 |
| നീക്കിയിരുപ്പ് | ₹44374363 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹60948 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹53808398 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 49714 | ശ്രീ രാജേഷ് ഡി. നായർ, അസി. എഞ്ചിനീയർ |
| 3-2 | 9520 | ശ്രീ രാജേഷ് ഡി. നായർ, അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 488398 | ശ്രീ രാജേഷ് ഡി. നായർ, അസി. എഞ്ചിനീയർ |
| 1-24 | 53320000 | ശ്രീ ജയസൂര്യൻ എം., വി.ഇ.ഒ. |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1714 | ശ്രീ രാജേഷ് ഡി. നായർ, അസി. എഞ്ചിനീയർ |

(ഡി)നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല -

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. രാജേഷ് ഡി. നായർ<br>അസി എഞ്ചിനീയർ | അസി. എഞ്ചിനീയർ<br>രാമപുരം ഗ്രാമപഞ്ചായത്ത് | ക്വാളിറ്റി റസിഡൻസ്<br>പുലിയന്നൂർ പി. ഒ.<br>പാലാ |
| ശ്രീ ജയസൂര്യൻ എം.,<br>വി.ഇ.ഒ. | വി.ഇ.ഒ.,<br>കാഞ്ഞിയാർ ഗ്രാമപഞ്ചായത്ത് | മുട്ടത്താനിക്കൽ വീട്<br>മണ്ണാർക്കയം പി. ഒ.<br>കാഞ്ഞിരപ്പിള്ളി<br>കോട്ടയം ജില്ല-686506 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ | തീർപ്പാക്കാൻ അവശേഷിക്കുന്ന | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|---|

| | കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകൾ |
|---|---|---|---|
| 1962-63 & 1977-78 | എൽ.എഫ്.ഐ-7/1196/90/ തീ. 02-01-91 | | |
| 1978-1979 | എൽ.എഫ്.ഐ-6/359/81 തീ. 19-06-81 | | |
| 1979-80 & 1980-81 | എൽ.എഫ്.ഐ-6/689/81 തീ. 02-03-82 | | |
| 1981-1982 | എൽ.എഫ്.ഐ-6/164/84 തീ. 27-07-84 | | |
| 1982-1983 | എൽ.എഫ്.ഐ-6/1102/84/ തീ. 10-06-85 | | |
| 1983-1984 | എൽ.എഫ്.ഐ-7/225/86 തീ. 04-04-87 | | |
| 1984-1985 | എൽ.എഫ്.ഐ-7/543/88 തീ. 31-03-88 | | |
| 1985-1986 | എൽ.എഫ്.ഐ-7/766/89 തീ. 31-10-89 | | |
| 1986-1987 | എൽ.എഫ്.ഐ-7/982/91 തീ. 06-01-92 | | |
| 1987-1988 | എൽ.എഫ്.ഐ-7/338/92 തീ. 22-09-92 | | |
| 1988-89&1989-90 | എൽ.എഫ്.ഐ-7/436/93 തീ. 03-12-93 | | |
| 1990-91&1991-92 | എൽ.എഫ്.ഐ-7/127/94 തീ. 04-08-94 | | |
| 1992-93&1993-94 | എൽ.എഫ്.ഐ-7/157/95 തീ. 04-07-95 | | |
| 1998-1999 | കെ.എസ്.എ.ഐ.ഡി.കെ-9/818/2018 തീ.27.04.2018 | 2 | 21 എ, ബി<br>22 എ, ബി |
| 1999-2000 | കെ.എസ്.എ.ഐ.ഡി.കെ-9/818/2018 തീ.27.04.2018 | 2 | 33, 35 |
| 2000-2001 | കെ.എസ്.എ.ഐ. ഡി.കെ-9/818/2018 തീ.27.04.2018 | 2 | 18, 29 |
| 2001-2002 | കെ.എസ്.എ.ഐ. ഡി.കെ-9/818/2018 തീ.27.04.2018 | 2 | 2-4, 2-10 |
| 2003-2004 | കെ.എസ്.എ.ഐ. ഡി.കെ-9/818/2018 തീ.27.04.2018 | 3 | 2-1, 2-3, 3-6 |
| 2004-2005 | കെ.എസ്.എ.ഐ.ഡി.കെ-9/818/2018 തീ.27.04.2018 | 1 | 3-7 |
| 2005-06 | കെ.എസ്.എ. ഐ.ഡി.കെ-9/818/2018 തീ.27.04.2018 | 3 | 3-3, 3-4, 3-5 |
| 2006-07 | എൽ.എഫ്.ഐ-3/586/2014 തീ. 04.12.2014 | 7 | 2-2, 2-3, 2-4 (എ,ബി,സി) 3-1, 3-2, 3-3, 3-4 |
| 2007-08 | എൽ.എഫ്.ഐ.-113/2013 തീ. 11.05.2011 | 18 | 1-2,1-4,1-5,2-1എ, 2-2,2-4,2-5,3-1,3-3, 3-4,3-5, 3-6,3-7,3-8,3-9, 3-10,3-11,3-12 |
| 2008-09 | എൽ.എഫ്.ഐ-9/1548/2012 തീ. 10.01.2013 | 9 | 1-1,1-2,1-3, 2-1, 2-2,2-3എ, ബി 2-4, 2-5, 3-1 |
| 2009-10 | കെ.എസ്.എ.ഐ.ഡി.കെ-9/1518/2018 തീ. 05.04.2017 | 6 | 1-1,1-2,1-3, 2-1,2-2,3-1 |
| 2010-11 | എൽ.എഫ്.ഐ-9/519/2018 തീ. 05.05.2018 | 10 | 1-1,1-2(1,2,3,4), 1-3,1-4,1-5, 3-4,3-5, 3-6,3-7,3-8 |
| 2011-12 | എൽ.എഫ്.ഐ-9/1435/ 2014 തീ. 03.02.2015 | 7 | 3-1,3-3,3-4,3-5, 3-6,3-7,3-8 |
| 2012-13 | എൽ.എഫ്.ഐ--9/1357/2014 തീ. 26.03.2015 | 6 | 2-1,2-2,3-1, 3-2,3-3,3-4 |
| 2013-14 | കെ.എസ്.എ.ഐ.ഡി.കെ-9/488/2015തീ.20.06.2016 | 5 | 2-1,2-2,2-3, 3-1,3-2 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ-14/1189/2016 തീ. 01.09.2016 | 15 | 2-52-8,2-9, 2-10,2-11,3-1, 3-2, 3-3,3-4,3-6, 3-7,3-8, 3-9,3-11,4-9 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ-9/418/2017 | 14 | 1-12, 2-1, 2-2, |

| | | | |
|---|---|---|---|
| | തീ. 05.04.2017 | | 2-3,<br>2-4,2-5,3-1,<br>3-2,3-4,<br>3-5,3-6,3-9,<br>3-11,4-9 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ-9/1314/2017<br>തീ. 03.10.2017 | 13 | 1-12,2-1,2-2,2-3,<br>3-1,3-2,3-3,3-4,3-6,<br>3-7,3-8,3-9,4-9 |
| 2017-18 | കെ.എസ്.എ.-ഐ.ഡി.കെ.-<br>9/60/19 | 14 | 2-1 മുതൽ<br>2-5 വരെയും<br>3-1 മുതൽ<br>3-9 വരെയും |
| 2018-19 | കെ.എസ്.എ.-ഐ.ഡി.കെ.-<br>9/199/20 | 14 | 1-13,<br>1-15 മുതൽ<br>1-27 വരെ |
| 2019-20 | കെ.എസ്.എ.-ഐ.ഡി.കെ.-<br>9/545/20 | 10 | 1-9 മുതൽ<br>1-18 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്